കേന്ദ്രഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ബീഡി-ചുരുട്ട് തൊഴിലാളികൾ
# (നിയോജന നിബന്ധനകൾ)
# ആക്റ്റ്, 1966

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ്സ് സൂപ്രണ്ട് തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്.

1977

വില:

കേന്ദ്രഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# ബീഡി-ചുരുട്ട് തൊഴിലാളികൾ (നിയോജന നിബന്ധനകൾ) ആക്റ്റ്, 1966

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ്
സൂപ്രണ്ട് തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ
അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്.

1977

# ബീഡി-ചുരുട്ട് തൊഴിലാളികൾ (നിയോജന നിബന്ധനകൾ) ആക്റ്റ്, 1966

## വകുപ്പുകളുടെ വിന്യാസം


വകുപ്പുകൾ

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും
2. നിർവ്വചനങ്ങൾ
3. വ്യാവസായിക കെട്ടിടപരിസരത്തിന് ലൈസൻസ് വേണമെന്ന്
4. ലൈസൻസുകൾ
5. അപ്പീലുകൾ
6. ഇൻസ്പെക്റ്റർമാർ
7. ഇൻസ്പെക്റ്റർമാരുടെ അധികാരങ്ങൾ
8. ശുചിത്വം
9. ശുദ്ധവായു സഞ്ചാരമാർഗ്ഗം
10. ആംത്തിരക്ക്
11. കുടിക്കാനുള്ള വെള്ളം
12. കക്കൂസുകളും മൂത്രപ്പുരകളും
13. കഴുകൽ സൗകര്യങ്ങൾ
14. ശിശുശാലകൾ
15. പ്രഥമശുശ്രൂഷ
16. കാൻറീനുകൾ
17. പ്രവൃത്തിമണിക്കൂറുകൾ
18. ഓവർറൈറം പ്രവൃത്തിക്കുള്ള കൂലി
19. വിശ്രമത്തിനുള്ള ഇടവേള
20. വ്യാപ്തി
21. ആഴ്ചതോറുമുള്ള ഒഴിവുദിവസങ്ങൾ
22. പ്രവൃത്തിക്കാലയളവുകളുടെ നോട്ടീസ്
23. പ്രവൃത്തിമണിക്കൂറുകൾ 22-ാം വകുപ്പിൻകീഴിലെ നോട്ടീസിന് അനുരൂപമായിരിക്കണമെന്ന്
24. കുട്ടികളുടെ നിയോജനം നിരോധിക്കുന്നത്
25. ചില മണിക്കൂറുകളിൽ സ്ത്രീകളേയോ ചെറുപ്രായത്തിലുള്ള ആളുകളേയോ നിയോജിക്കുന്നതിൻെറ നിരോധനം
26. കൂലിയോടുകൂടിയ വാർഷികാവധി
27. അവധിക്കാലത്തെ കൂലി

28. കൂലികൊടുക്കൽ ആക്ററ്, 1936 വ്യാവസായിക കെട്ടിട പരിസരത്തിന് ബാധകമാക്കൽ
29. പ്രത്യേക വ്യവസ്ഥകൾ
30. വയസ്സ് സംബന്ധിച്ച് തെളിയിക്കേണ്ട ഭാരം
31. ഡിസ്മിസ്സലിന്റെ നോട്ടീസ്
32. ഇൻസ്പെക്ടററെ തടസ്സപ്പെടുത്തുന്നതിനുള്ള ദണ്ഡനം
33. കുററത്തിനുള്ള സാമാന്യദണ്ഡനം
34. കമ്പനികളാലുള്ള കുററങ്ങൾ
35. സംരക്ഷണം
36. കുററങ്ങൾ നടപടിക്കെടുക്കൽ
37. വ്യാവസായികനിയോജനം (സ്ഥിരം ഉത്തരവുകൾ) ആക്ററ്, 1946-ന്റേയും പ്രസവകാലാനുകൂല്യ ആക്ട് 1961-ന്റേയും ബാധ്യകത
38. ചില വ്യവസ്ഥകൾ വ്യാവസായിക കെട്ടിടപരിസരത്തിന് ബാധകമാകുന്നതല്ലെന്ന്
39. വ്യാവസായികത്തർക്കങ്ങൾ ആക്ററ്, 1947 ബാധകമാക്കൽ
40. ഈ ആക്ററിനോട് അസംഗതമായ നിയമങ്ങളുടേയും കരാറുകളുടേയും പ്രഭാവം
41. ഒഴിവാക്കാനുള്ള അധികാരം
42. നിദേശങ്ങൾ നല്കാൻ കേന്ദ്രഗവൺമെൻറിനുള്ള അധികാരങ്ങൾ
43. സ്വകാര്യവാസഗൃഹങ്ങളിൽ സ്വയം നിയോജിതരായ ആളുകൾക്ക് ആക്ററ് ബാധകമാകുന്നതല്ലെന്ന്
44. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം

---

# ബീഡി-ചുരുട്ട് തൊഴിലാളികൾ (നിയോജന നിബന്ധനകൾ) ആക്ററ്, 1966

## (1966-ലെ 32-ാംനമ്പർ)

ബീഡി-ചുരുട്ട് സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ ക്ഷേമത്തിന് വ്യവസ്ഥചെയ്യുന്നതിനും, അവരുടെ വേലയ്ക്കുള്ള നിബന്ധനകൾ ക്രമപ്പെടുത്തുന്നതിനും, അവയുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കും ഉള്ള ആക്ററ്.

[1966 നവംബർ 30]

ഇൻഡ്യൻ റിപ്പബ്ലിക്കിൻെറ പതിനേഴാം സംവത്സരത്തിൽ പാർലമെൻററ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1)ഈ ആക്ററിന ബീഡി-ചുരുട്ടു തൊഴിലാളികൾ (നിയോജന നിബന്ധനകൾ) ആക്ററ്, 1966 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു-കാശ്മീർ സ്റേറററ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

(3) ഇത് ഒരു സ്റേറററിൽ, ആ സ്റേറററ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതും, സ്റേറററ് ഗവൺമെൻററിന്, വ്യത്യസ്ത പ്രദേശങ്ങൾക്കും ആക്ററിലെ വ്യത്യസ്ത വ്യവസ്ഥകൾക്കും വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതും ആണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്ററിൽ, സന്ദർഭം മററു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം—

(ക) ''പ്രായപൂർത്തിയായആൾ''ക്ക്, പതിനെട്ടു വയസ്സ് പൂർത്തിയായ ആൾ എന്നർത്ഥമാകുന്നു ;

(ഖ) '' കുട്ടി ''യ്ക്ക്, പതിന്നാല് വയസ്സ് പൂർത്തിയായിട്ടില്ലാത്ത ആൾ എന്നർത്ഥമാകുന്നു.

(ഗ) '' ക്ഷമതയുള്ള അധികാരസ്ഥാന '' ത്തിന്, സ്റേറററ് ഗവൺമെൻററ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, അതിൽ വിനിർദ്ദേശിക്കുന്ന പ്രദേശങ്ങളിൽ, ഈ ആക്ററിൻ കീഴിൽ ക്ഷമതയുള്ള അധികാരസ്ഥാനത്തിൻെറ എല്ലാ ചുമതലകളുമോ അവയിൽ ഏതെങ്കിലുമോ നിർവ്വഹിക്കാൻ പ്രാധികാരപ്പെടുത്തുന്ന ഏതെങ്കിലും അധികാരസ്ഥാനം എന്ന് അർത്ഥമാകുന്നു.

(ഘ) ''കൺട്രാക്ററർ''ക്ക്, ഒരു നിർമ്മാണ പ്രക്രിയ സംബന്ധിച്ച്, കാൺട്രാക്ററ് തൊഴിലാളികൾ മുഖേന ആ പ്രവൃത്തി നിർ

വ്വഹിക്കുന്നതുവഴി ഒരു നിശ്ചിതഫലം ഉണ്ടാക്കിക്കൊടുക്കാമെന്ന് ഏല്ക്കുകയോ, അല്ലെങ്കിൽ ഒരു സ്വകാര്യ വാസഗൃഹത്തിൽ ഏതെങ്കിലും നിർമ്മാണ പ്രക്രിയയ്ക്ക് തൊഴിലാളികളെ ഏർപ്പെടുത്തുകയോ ചെയ്യുന്ന ആൾ എന്നർത്ഥമാകുന്നു, അതിൽ ഒരു സബ് കൺട്രാക്റ്ററോ, ഏജൻറോ, മുൻഷിയോ, തേക്കേദാറോ സാഫേദാറോ ഉൾപ്പെടുന്നതും ആകുന്നു.

(ങ) "കാൺട്രാക്റ്റ് തൊഴിലാളി"യ്ക്ക്, ഏതെങ്കിലും നിർമ്മാണപ്രക്രിയയിൽ, നിയോജകൻെറ അറിവോടു കൂടിയോ കൂടാതെയോ, ഏതെങ്കിലും കെട്ടിട പരിസരങ്ങളിൽ ഒരു കൺട്രാക്റ്ററാലോ കൺട്രാക്റ്റർ മുഖേനയോ ഏർപ്പെടുത്തപ്പെടുകയോ നിയോജിക്കപ്പെടുകയോ ചെയ്യുന്ന ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നു.

(ച) "ജോലിക്കാരൻ"ന്, ഏതെങ്കിലും സ്ഥാപനത്തിൽ വിദഗ്ദ്ധമോ, അവിദഗ്ധമോ, ശാരീരികമോ ക്ലാർക്കിൻേറതോ ആയ ഏതെങ്കിലും പ്രവൃത്തി ചെയ്യാൻ നേരിട്ടോ ഏതെങ്കിലും ഏജൻസിമുഖേനെയോ കൂലിയ്ക്കോ അല്ലാതെയോ നിയോജിക്കപ്പെടുന്ന ആൾ എന്നർത്ഥമാകുന്നതും, അതിൽ—

(i) വീട്ടിൽ വച്ച് ബീഡിയോ ചുരുട്ടോ, അല്ലെങ്കിൽ രണ്ടുമോ ആക്കിത്തീർക്കാനായി ഒരു നിയോജകനാലോ കൺട്രാക്റ്ററാലോ അസംസ്കൃത പദാർത്ഥങ്ങൾ നല്കപ്പെടുന്ന ഏതെങ്കിലും തൊഴിലാളിയും (ഈ ആക്ടിൽ ഇതിനുശേഷം വീട്ടുതൊഴിലാളി എന്നു പരാമർശിക്കപ്പെടുന്നത്),

(ii) ഒരു നിയോജകനാലോ കാൺട്രാക്റ്ററാലോ നിയോജിക്കപ്പെടാതിരിക്കുകയും, എന്നാൽ നിയോജകൻേറയോ കൺട്രാക്റ്ററുടേയോ അനുവാദത്തോടുകൂടിയോ, അയാളുമായുള്ള കരാറിൻ കീഴിലോ പ്രവൃത്തിചെയ്യുകയും ചെയ്യുന്ന ഏതെങ്കിലും ആളും, ഉൾപ്പെടുന്നതുമാകുന്നു.

(ഛ) "നിയോജക" ന്—

(ക) കാൺട്രാക്റ്റ് തൊഴിലാളിയെ സംബന്ധിച്ച്, മുഖ്യനിയോജകനെന്നും;

(ഖ) മററു തൊഴിലാളികളെ സംബന്ധിച്ച്, ഏതെങ്കിലും സ്ഥാപനത്തിൻെറ കാര്യങ്ങളുടെ മേൽ അന്തിമമായ നിയന്ത്രണമുള്ളതോ, അല്ലെങ്കിൽ താൻ പണം മുൻകൂറായിനല്കുകയോ, സാമാനങ്ങൾ സപ്ലൈ ചെയ്യുകയോ ചെയ്യുന്നതു കാരണമായോ മററു വിധത്തിലോ ഏതെങ്കിലും സ്ഥാപനത്തിൻെറ കാര്യങ്ങളുടെ നിയന്ത്രണത്തിൽ, ഗണ്യമായ താത്പര്യം ഉണ്ടായിരിക്കുന്നതോ ആയ ആൾ എന്നും അർത്ഥമാകുന്നതും, അതിൽ സ്ഥാപനത്തിൻെറ കാര്യങ്ങൾ ഭാരമേല്പിക്കപ്പെടുന്ന മറേറതെങ്കിലും ആൾ, ആ മറേറ ആൾ മാനേജിങ്ങ് ഏജൻെറന്നോ മാനേജരെന്നോ, സൂപ്രണ്ടെന്നോ അല്ലെങ്കിൽ മറേറതെങ്കിലും പേർപറയപ്പെടുന്നതോആയ ആളായാലും, ഉൾപ്പെടുന്നതും ആകുന്നു.

(ജ) "സ്ഥാപന" ത്തിന്, ഏതു സ്ഥലത്തിനോ കെട്ടിടപരിസരത്തിനോ ഉള്ളിലോ, അതിൻെറ ഏതെങ്കിലും ഭാഗത്തോ ആണ് ബീഡിയോ ചുരുട്ടോ അല്ലെങ്കിൽ രണ്ടുമോ ഉണ്ടാക്കുന്നതുമായി ബന്ധപ്പെട്ട ഏതെങ്കിലും നിർമ്മാണപ്രക്രിയ നടത്തിക്കൊണ്ടിരിക്കുന്നത്, അല്ലെങ്കിൽ സാധാരണമായി നടത്താറുള്ളത് അങ്ങനെയുള്ള ഏതെങ്കിലും സ്ഥലമോ കെട്ടിടപരിസരമോ അതിൻെറ അതിർത്തികൾ ഉൾപ്പെടെ, എന്ന് അർത്ഥമാകുന്നതും, അതിൽ വ്യാവസായിക കെട്ടിടപരിസരം ഉൾപ്പെടുന്നതുമാകുന്നു.

(ഝ) " വ്യാവസായിക കെട്ടിടപരിസര " ത്തിന്, ഏതു സ്ഥലത്തിനോ കെട്ടിട പരിസരത്തിനോ ഉള്ളിലോ, അതിന്റെ ഏതെങ്കിലും ഭാഗത്തോ ആണ്, ബീഡിയോ ചുരുട്ടോ അല്ലെങ്കിൽ രണ്ടുമോ യന്ത്രശക്തിയുടെ സഹായത്തോടുകൂടിയോ കൂടാതെയോ ഉണ്ടാക്കുന്നതുമായി ബന്ധപ്പെട്ട ഏതെങ്കിലും നിർമ്മാണപ്രക്രിയ നടത്തിക്കൊണ്ടിരിക്കുന്നത്, അല്ലെങ്കിൽ സാധാരണമായി നടത്താറുള്ളത്, അങ്ങനെയുള്ള (സ്വകാര്യവാസഗൃഹമല്ലാത്ത) ഏതെങ്കിലും സ്ഥലമോ കെട്ടിടപരിസരമോ, അതിന്റെ അതിർത്തികളുൾപ്പെടെ, എന്ന് അർത്ഥമാകുന്നു.

(ഞ) " ഇൻസ്പെക്ടർ " ക്ക്, 6-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ നിയമിക്കപ്പെടുന്ന ഇൻസ്പെക്ടർ എന്നർത്ഥമാകുന്നു.

(ട) " നിർമ്മാണ പ്രക്രിയ " യ്ക്ക്, ഏതെങ്കിലും സാധനം അല്ലെങ്കിൽ പദാർത്ഥം, ബീഡിയായോ ചുരുട്ടായോ രണ്ടുമായോ ഉള്ള അതിന്റെ ഉപയോഗമോ വില്പനയോ പരിവഹണമോ ഡെലിവറിയോ വ്യയനമോ ലക്ഷ്യമാക്കി ഉണ്ടാക്കുകയോ, മിനുക്കുപണി ചെയ്യുകയോ, പായ്ക്കുചെയ്യുകയോ, അല്ലെങ്കിൽ മററു വിധത്തിൽ കൈകാര്യം ചെയ്യുകയോ, ചെയ്യുന്നതിനുള്ളതോ അതിന് ആനുഷംഗികമായതോ ആയ ഏതെങ്കിലും പ്രക്രിയ എന്നർത്ഥമാകുന്നു.

(ഠ) " നിർണ്ണയിക്കപ്പെടുന്ന " എന്നാൽ, ഈ ആക്ററിൻ കീഴിൽ സ്റേററ് ഗവൺമെൻറ് ഉണ്ടാക്കുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന എന്നർത്ഥമാകുന്നു.

(ഡ) "മുഖ്യനിയോജക"ന്, ആർക്കായോ ആർക്കുവേണ്ടിയോ ആണോ ഒരു സ്ഥാപനത്തിൽ, ഏതെങ്കിലും കാൺട്രാക്ററ് തൊഴിലാളിയെ ഏർപ്പെടുത്തുകയോ നിയോഗിക്കുകയോ ചെയ്യുന്നത്, ആ ആൾ എന്നർത്ഥമാകുന്നു.

(ഢ) " സ്വകാര്യവാസഗൃഹ"ത്തിന് ബീഡിയുടേയോ ചുരുട്ടിന്റേയോ രണ്ടിന്റേയുമോ നിർമ്മാണത്തിൽ ഏർപ്പെടുത്തപ്പെട്ടിരിക്കുന്ന ആളുകൾ താമസിക്കുന്ന ഗൃഹം എന്നർത്ഥമാകുന്നു.

(ണ) "സ്റേററ് ഗവൺമെൻറി"ന്, ഒരു യൂണിയൻ രാജ്യക്ഷേത്രം സംബന്ധിച്ച്, അതിന്റെ ഭരണകർത്താവ് എന്നർത്ഥമാകുന്നു.

(ത) "ആഴ്ച " യ്ക്ക്, ശനിയാഴ്ച അർദ്ധരാത്രി മുതൽ ആരംഭിക്കുന്ന ഏഴുദിവസക്കാലം എന്നർത്ഥമാകുന്നു.

(ഥ) " ചെറുപ്രായത്തിലുള്ള ആൾ" എന്നാൽ, പതിന്നാല് വയസ്സ് പൂർത്തിയാവുകയും, എന്നാൽ പതിനെട്ടു വയസ്സ് പൂർത്തിയായിട്ടില്ലാതിരിക്കുകയും ചെയ്യുന്ന ആൾ എന്നർത്ഥമാകുന്നു.

3. <u>വ്യാവസായിക കെട്ടിടപരിസരത്തിന് ലൈസൻസ് വേണമെന്ന്.</u>—ഈ ആക്ററിൽ മററുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ, യാതൊരു നിയോജകനും തനിക്ക് ഈ ആക്ററിൻ കീഴിൽനല്കിയിട്ടുള്ള സാധുവായ ഒരു ലൈസൻസ് ഉണ്ടായിരിക്കാത്തപക്ഷം, ഏതെങ്കിലും സ്ഥലമോ കെട്ടിട പരിസരമോ വ്യാവസായിക കെട്ടിടപരിസരമായി ഉപയോഗിക്കുകയോ ഉപയോഗിക്കാൻ അനുവദിക്കുകയോ ചെയ്യാൻ പാടില്ലാത്തതും, അങ്ങനെയുള്ള യാതൊരു കെട്ടിടപരിസരവും, അങ്ങനെയുള്ള ലൈസൻസിന്റെ നിബന്ധനകൾക്കും ഉപാധികൾക്കും അനുസൃതമായല്ലാതെ, ഉപയോഗിക്കാൻ പാടില്ലാത്തതും ആകുന്നു.

4. <u>ലൈസൻസുകൾ.</u>—(1) ഏതെങ്കിലും സ്ഥലമോ കെട്ടിടപരിസരമോ വ്യാവസായിക കെട്ടിടപരിസരമായി ഉപയോഗിക്കാൻ ഉദ്ദേശിക്കുകയോ ഉപയോഗിക്കപ്പെടാൻ അനുവദിക്കുകയോ ചെയ്യുന്ന ഏതെങ്കിലും ആൾ, അങ്ങ

നെയുള്ള കെട്ടിടപരിസരം വ്യാവസായികകെട്ടിടപരിസരമായി ഉപയോഗിക്കുകയോ ഉപയോഗിക്കപ്പെടാൻ അനുവദിക്കുകയോ ചെയ്യാനുള്ള ഒരു ലൈസൻസിന് നിർണ്ണയിക്കപ്പെടുന്ന ഫാറത്തിലും നിർണ്ണയിക്കപ്പെടുന്ന ഫീസ് നല്കിക്കൊണ്ടും ക്ഷമതയുള്ള അധികാരസ്ഥാനത്തിന് ലിഖിതമായി അപേക്ഷ കൊടുക്കേണ്ടതാകുന്നു.

(2) അപേക്ഷയിൽ, ആ സ്ഥലത്തോ കെട്ടിടപരിസരത്തിലോ ദിവസത്തിൽ ഏതെങ്കിലും സമയം നിയോജിക്കപ്പെടാൻ ഉദ്ദേശിക്കുന്ന പരമാവധി ജോലിക്കാരുടെ എണ്ണം വിനിർദ്ദേശിക്കേണ്ടതും അപേക്ഷയോടൊപ്പം നിർണ്ണയിക്കപ്പെടുന്ന രീതിയിൽ തയ്യാറാക്കപ്പെടുന്ന ആ സ്ഥലത്തിൻേറയോ കെട്ടിടപരിസരത്തിൻേറയോ ഒരു പ്ലാൻ ഉണ്ടായിരിക്കേണ്ടതുമാകുന്നു.

(3) ഒരു ലൈസൻസ് നല്കണമോ നിരസിക്കണമോ എന്നു തീരുമാനിക്കുന്നതിൽ, ക്ഷമതയുള്ള അധികാരസ്ഥാനം താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണിക്കേണ്ടതാണ്:—

(ക) ഉപയോഗിക്കാൻ നിർദ്ദേശിക്കപ്പെടുന്ന സ്ഥലത്തിൻെറ അല്ലെങ്കിൽ കെട്ടിടപരിസരത്തിൻെറ ബീഡിയുടേയോ ചുരുട്ടിൻേറയോ രണ്ടിൻേറയുമോ നിർമ്മാണത്തിനുള്ള അനുയോജ്യത ;

(ഖ) അപേക്ഷകൻെറ മുൻപരിചയം ;

(ഗ) തൊഴിലാളികളുടെ ക്ഷേമം സംബന്ധിച്ച് തൽസമയം പ്രാബല്യത്തിലുള്ള നിയമങ്ങളുടെ വ്യവസ്ഥകളിൽ നിന്ന് ഉദ്ഭവിക്കുന്ന ഡിമാൻഡുകൾ നേരിടുന്നതിനുള്ള തൻെറ ധനപരമായ കഴിവുൾപ്പെടെ, അപേക്ഷകൻെറ ധനാഗമമാർഗ്ഗങ്ങൾ ;

(ഘ) അപേക്ഷ, അപേക്ഷകനുതന്നെ വേണ്ടി ഉത്തമവിശ്വാസപൂർവ്വം കൊടുത്തിട്ടുള്ളതോ ബെനാമിയായി മറേറതെങ്കിലും ആൾക്കുവേണ്ടി കൊടുത്തിട്ടുള്ളതോ എന്ന് ;

(ങ) തൊഴിലാളികളുടെ ക്ഷേമവും, സാമാന്യമായ പൊതുജനതാത്പര്യവും നിർണ്ണയിക്കപ്പെടുന്ന മററു വിഷയങ്ങളും.

(4) (ക) ഈ വകുപ്പിൻ കീഴിൽ നല്കപ്പെടുന്ന ലൈസൻസ്, അത് നല്കപ്പെടുന്ന സാമ്പത്തികവർഷത്തിനപ്പുറം സാധുവായിരിക്കുന്നതല്ലാത്തതും, എന്നാൽ അത് ഒരു സാമ്പത്തികവർഷം തൊട്ട് അടുത്ത സാമ്പത്തികവർഷംവരെ പുതുക്കാവുന്നതും ആണ്.

(ഖ) ഈ ആക്ററിൻ കീഴിൽ നല്കപ്പെടുന്ന ഒരു ലൈസൻസിൻെറ പുതുക്കലിനുള്ള അപേക്ഷ കൊടുക്കുന്നത് അതിൻെറ കാലം കഴിയുന്നതിനു മുപ്പതു ദിവസമെങ്കിലും മുമ്പും, നിർണ്ണയിക്കപ്പെടുന്ന ഫീസ് അടച്ചും ആയിരിക്കേണ്ടതും, അങ്ങനെ അപേക്ഷ കൊടുത്തിട്ടുള്ളിടത്ത്, ലൈസൻസ് അതിൻെറ കാലം കഴിഞ്ഞിട്ടുണ്ടെന്നിരുന്നാലും, അതത് സംഗതിപോലെ, ലൈസൻസ് പുതുക്കുകയോ അതു പുതുക്കുന്നതിനുള്ള അപേക്ഷ നിരസിക്കുകയോ ചെയ്യുന്നതുവരെ തുടരുന്നതായി കരുതപ്പെടുന്നതുമാകുന്നു.

(ഗ) ഒരു ലൈസൻസ് പുതുക്കുണമോ, പുതുക്കാൻ വിസമ്മതിക്കണമോ എന്നു തീരുമാനിക്കുന്നതിൽ ക്ഷമതയുള്ള അധികാരസ്ഥാനം (3)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള വിഷയങ്ങൾ പരിഗണിക്കേണ്ടതാകുന്നു.

(5) ഈ ആക്ററിലേയും അതിൻ കീഴിലുണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലേയും വ്യവസ്ഥകൾ സാരാംശത്തിൽ അനുസരിക്കപ്പെട്ടിട്ടുണ്ടെന്ന് ബോദ്ധ്യപ്പെടാത്തപക്ഷം ക്ഷമതയുള്ള അധികാരസ്ഥാനം ലൈസൻസ് നല്കുകയോ പുതുക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(6) ഈ ആക്ററിൻ കീഴിൽ നല്കിയതോ പുതുക്കിയതോ ആയ ഏതെങ്കിലും ലൈസൻസ് തെററിദ്ധരിപ്പിക്കലോ വഞ്ചനയോ വഴി നേടിയിട്ടുള്ളതാണെന്നോ, അല്ലെങ്കിൽ ലൈസൻസുകാരൻ ഈ ആക്ററിലേയോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലേയോ വ്യവസ്ഥകളിൽ ഏതെങ്കിലുമോ, അല്ലെങ്കിൽ ലൈസൻസിന്റെ നിബന്ധനകളിലും ഉപാധികളിലും ഏതെങ്കിലുമോ ഉല്ലംഘിക്കുകയോ അനുസരിക്കാതിരിക്കുകയോ ചെയ്തിട്ടുണ്ടെന്നോ കാണുന്നുവെങ്കിൽ, ക്ഷമതയുള്ള അധികാര സ്ഥാനത്തിന്, ലൈസൻസുധാരകന് പറയാനുള്ളത് പറയുവാൻ അവസരം നല്കിയതിനുശേഷം, അങ്ങനെയുള്ള ലൈസൻസ് റദ്ദാക്കുകയോ സസ്പെൻഡ് ചെയ്യുകയോ ചെയ്യാവുന്നതാണ്.

(7) സ്റേററ് ഗവൺമെന്റിന് ഈ വകുപ്പിൻ കീഴിലെ ലൈസൻസുകളുടെ നല്കലോ പുതുക്കലോ സംബന്ധിച്ച ഏതെങ്കിലും വിഷയം സംബന്ധിച്ച് ആവശ്യകമാണെന്ന് ആ ഗവൺമെന്റ് കരുതുന്ന സാമാന്യസ്വഭാവമുള്ള നിദേശങ്ങൾ, ക്ഷമതയുള്ള അധികാരസ്ഥാനത്തിന് ലിഖിതമായി നല്കാവുന്നതാണ്.

(8) ഈ വകുപ്പിലെ മുൻപറഞ്ഞ വ്യവസ്ഥകൾക്ക് വിധേയമായി, ക്ഷമതയുള്ള അധികാരസ്ഥാനത്തിന്, അത് നിശ്ചയിക്കുന്ന നിബന്ധനകളിൻമേലും ഉപാധികളിൻമേലും ഈ ആക്ററിൻ കീഴിൽ ലൈസൻസുകൾ നല്കുകയോ പുതുക്കുകയോ ചെയ്യാവുന്നതും, ക്ഷമതയുള്ള അധികാരസ്ഥാനം, ഏതെങ്കിലും ലൈസൻസ് നല്കാനോ പുതുക്കാനോ വിസമ്മതിക്കുന്നിടത്ത്, അത് അപ്രകാരം ചെയ്യുന്നത് വിസമ്മതിക്കാനുള്ള കാരണങ്ങൾ ലിഖിതമായി നല്കിക്കൊണ്ടും അപേക്ഷകനെ അറിയിച്ചുകൊണ്ടുമുള്ള ഉത്തരവുവഴി ആയിരിക്കേണ്ടതും ആകുന്നു.

5. അപ്പീലുകൾ.—ഒരു ലൈസൻസ് നല്കാനോ പുതുക്കാനോ വിസമ്മതിക്കുന്നതോ, അല്ലെങ്കിൽ ലൈസൻസ് റദ്ദാക്കുകയോ സസ്പെൻഡ് ചെയ്യുകയോ ചെയ്യുന്നതോആയ ഒരു ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ തീരുമാനത്താൽ സങ്കടക്കാരനായ ഏതെങ്കിലും ആൾക്ക് നിർണ്ണയിക്കപ്പെടുന്ന സമയത്തിനുള്ളിൽ ഇരുപതു രൂപയിൽ കവിയാത്തതും നിർണ്ണയിക്കപ്പെടുന്നതുമായ ഫീസ് കൊടുക്കുന്നതിൻമേലും, സ്റേററ് ഗവൺമെന്റ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി ഇതിലേക്ക് വിനിർദ്ദേശിക്കുന്ന അധികാരസ്ഥാനത്തേക്ക് അപ്പീൽ കൊടുക്കാവുന്നതും, അങ്ങനെയുള്ള അധികാരസ്ഥാനത്തിന് ലൈസൻസ്, നല്കാനോ പുതുക്കാനോ വിസമ്മതിക്കുന്നതോ അല്ലെങ്കിൽ ലൈസൻസ് റദ്ദാക്കുകയോ സസ്പെൻഡ് ചെയ്യുകയോ ചെയ്യുന്നതോ ആയ ഏതെങ്കിലും ഉത്തരവ്, ഉത്തരവുവഴി സ്ഥിരീകരിക്കുകയോ, രൂപഭേദപ്പെടുത്തുകയോ, മറിച്ചു വിധിക്കുകയോ ചെയ്യാവുന്നതും ആകുന്നു.

6. ഇൻസ്പെക്ററർമാർ.—(1) സ്റേററ് ഗവൺമെന്റിന്, അതിന്റെ ഉദ്യോഗസ്ഥൻമാരിലോ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിന്റെ ഉദ്യോഗസ്ഥൻമാരിലോ യുക്തമെന്നു തോന്നുന്നവരെ ഈ ആക്ററിന്റെ ആവശ്യങ്ങൾക്ക് ഇൻസ്പെക്ററർമാരായി ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി നിയമിക്കുകയും, യുക്തമെന്നു തോന്നുന്ന തദ്ദേശാതിർത്തികൾ അവർക്ക് നിശ്ചയിച്ചു കൊടുക്കുകയും ചെയ്യാവുന്നതാണ്.

(2) സ്റേററ് ഗവൺമെന്റിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ഏതെങ്കിലും ആളെ ചീഫ് ഇൻസ്പെക്ററായി നിയമിക്കാവുന്നതും, അയാൾ സ്റേററിൽ മുഴുവൻ ഇൻസ്പെക്ററുടെ അധികാരങ്ങൾ പ്രയോഗിക്കുന്നതും ആകുന്നു.

(3) ഏതൊരു ചീഫ് ഇൻസ്പെക്ററും ഇൻസ്പെക്ററും ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45) 21-ാം വകുപ്പിൻെറ അർത്ഥത്തിൽ പബ്ലിക് സർവൻറായി കരുതപ്പെടുന്നതാകുന്നു.

7. ഇൻസ്പെക്ടർമാരുടെ അധികാരങ്ങൾ.—(1) സ്റേറററ് ഗവൺമെൻറ് ഇതിലേക്ക് ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായി, ഒരു ഇൻസ്പെക്ടർക്ക് താൻ നിയമിക്കപ്പെട്ടിട്ടുള്ള തദ്ദേശാതിർത്തികൾക്കുള്ളിൽ താഴെ പറയുന്നവ ചെയ്യാവുന്നതാണ്:—

(ക) ഏതെങ്കിലും സ്ഥലത്തോ കെട്ടിട പരിസരത്തിലോ ഈ ആക്ററിലെ വ്യവസ്ഥകൾ അനുസരിക്കപ്പെട്ടിട്ടുണ്ടോ, അല്ലെങ്കിൽ അനുസരിക്കപ്പെടുന്നുണ്ടോ എന്ന് തിട്ടപ്പെടുത്തുന്നതിന് ആവശ്യകമായ വിസ്താരം ചെയ്യുകയും അന്വേഷണവിചാരണ നടത്തുകയും:

എന്നാൽ, ഈ വകുപ്പിൻ കീഴിൽ യാതൊരാളും, തന്നെ കുററക്കാരനാക്കാൻ പ്രവണതയുള്ള വിധം ഏതെങ്കിലും ചോദ്യത്തിന് ഉത്തരം പറയാനോ ഏതെങ്കിലും തെളിവു നല്കാനോ നിർബന്ധിക്കപ്പെടാൻ പാടുള്ളതല്ല;—

(ഖ) നിർണ്ണയിക്കപ്പെടുന്ന ഏതെങ്കിലും രജിസ്ററും ബീഡിയുടേയോ, ചുരുട്ടിൻേറയോ രണ്ടിൻേറയുമോ നിർമ്മാണം സംബന്ധിച്ചുള്ള മറേറതെങ്കിലും രേഖയും ഹാജരാക്കാൻ ആവശ്യപ്പെടുക;

(ഗ) ഏതെങ്കിലും സ്ഥലത്തോ കെട്ടിട പരിസരത്തിലോ ഏതെങ്കിലും നിർമ്മാണപ്രക്രിയ നടത്തിക്കൊണ്ടിരിക്കുന്നുണ്ടെന്നോ, സാധാരണമായി നടത്താറുണ്ടെന്നോ സംശയിക്കാൻ ന്യായമായ കാരണങ്ങളുണ്ടെങ്കിൽ, ജോലിക്കാരുടെ വാസസ്ഥലങ്ങൾ ഉൾപ്പെടെ, അങ്ങനെയുള്ള ഏതെങ്കിലും സ്ഥലത്തോ കെട്ടിട പരിസരത്തിലോ എല്ലാ സമയത്തും, തനിക്ക് യുക്തമെന്നുതോന്നുന്ന അസിസ്ററൻറുമാരോടു കൂടി പ്രവേശിക്കുക;

(ഘ) നിർണ്ണയിക്കപ്പെടുന്ന മററു അധികാരങ്ങൾ പ്രയോഗിക്കുക:

(2) ഏതെങ്കിലും സ്ഥാപനത്തിൽ ഈ ആക്ററിലെ വ്യവസ്ഥകൾ ഉല്ലംഘിച്ചുകൊണ്ട് ഏതെങ്കിലും നിർമ്മാണപ്രക്രിയ നടത്തിക്കൊണ്ടിരിക്കുന്നുണ്ടെന്ന് സംശയിക്കാൻ ന്യായമായ കാരണമുണ്ടെങ്കിൽ, ഇൻസ്പെക്ടർക്ക് നിയോജകനോ, നിയോജകൻെറ അഭാവത്തിൽ കൈവശക്കാരനോ, മുറപ്രകാരമുള്ള നോട്ടീസ് നല്കിയതിനുശേഷം, യുക്തമെന്നുതോന്നുന്ന അസിസ്ററൻറുമാർ വല്ലവരും വേണമെങ്കിൽ അവരോടുകൂടി, അങ്ങനെയുള്ള സ്ഥാപനത്തിൽ പ്രവേശിക്കാവുന്നതാണ്.

(3) ഏതൊരു നിയോജകനും, അല്ലെങ്കിൽ കൈവശക്കാരനും, അതതു സംഗതിപോലെ, ചീഫ് ഇൻസ്പെക്ടർക്കോ; ഇൻസ്പെക്ടർക്കോ, ഈ ആക്ററിൻ കീഴിലുള്ള അയാളുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് ന്യായമായ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കേണ്ടതാകുന്നു.

8. ശുചിത്വം.—ഏതൊരു വ്യാവസായിക കെട്ടിടപരിസരവും ശുചിയായും ഏതെങ്കിലും ഓവിൽനിന്നോ, കക്കൂസിൽനിന്നോ മററു ശല്യത്തിൽനിന്നോ ഉദ്ഭവിക്കുന്ന ദുർഗ്ഗന്ധം കൂടാതെയുംവച്ചു പോരേണ്ടതും, കൂടാതെ വെള്ളഅടിക്കലോ നിറം ചേർത്തടിക്കലോ വാർണീഷ് ചെയ്യലോ ചായമിടലേ ഉൾപ്പെടെ ശുചിത്വത്തിൻെറ നിർണ്ണയിക്കപ്പെടുന്ന മാനകങ്ങൾ പാലിക്കേണ്ടതുമാകുന്നു.

9. ശുദ്ധവായു സഞ്ചാരമാർഗ്ഗം.—(1) ഏതൊരു വ്യാവസായിക കെട്ടിട പരിസരവും, അതിൽ പ്രവൃത്തി ചെയ്യുന്ന ആളുകളുടെ ആരോഗ്യത്തിനുള്ള ക്ഷതി തടയുന്നതിനുവേണ്ടി വെളിച്ചത്തിന്റേയും വായുസഞ്ചാരത്തിന്റേയും താപനിലയുടേയും നിർണ്ണയിക്കപ്പെടുന്ന മാനകങ്ങൾ പാലിക്കേണ്ടതാകുന്നു.

(2) ഏതെങ്കിലും വ്യാവസായിക കെട്ടിടപരിസരത്തിൽ നടത്തിക്കൊണ്ടു പോകുന്ന ഏതെങ്കിലും നിർമ്മാണ പ്രക്രിയ കാരണമായി, അതിൽ നിയോജിക്കപ്പെടുന്ന ആളുകൾക്ക് ക്ഷതികരമോ ദുസ്സഹമോ ആകാനിടയുള്ള പ്രകൃതത്തോടുകൂടിയതും അത്രത്തോളമുള്ളതുമായ പൊടിയോ പുകയോ മററ് മാലിന്യമോ വമിക്കുന്നിടത്തെല്ലാം, ക്ഷമതയുള്ള അധികാരസ്ഥാനത്തിന് നിയോജകനോട് ഏതെങ്കിലും പ്രവൃത്തി മുറിയിൽ, അങ്ങനെയുള്ള പൊടിയോ പുകയോ മററ് മാലിന്യമോ ശ്വസിക്കുന്നതും ഈട്ടം കൂട്ടുന്നതും തടയത്തക്ക ഫലപ്രദമായ നടപടി എടുക്കാൻ ആവശ്യപ്പെടാവുന്നതാണ്.

10. ആൾത്തിരക്ക്.—(1) ഏതെങ്കിലും വ്യാവസായിക കെട്ടിട പരിസരത്തിൽ നിയോജിക്കപ്പെട്ടിട്ടുള്ള ആളുകളുടെ ആരോഗ്യത്തിന് ക്ഷതികരമാകുന്നത്ര ആൾത്തിരക്ക് അതിലെ യാതൊരു മുറിയിലും ഉണ്ടായിരിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെ, അങ്ങനെയുള്ള കെട്ടിടപരിസരത്തിന്റെ ഏതു പ്രവൃത്തി മുറിയിലും, അതിൽ നിയോജിക്കപ്പെടുന്ന ഏതൊരാൾക്കും, കുറഞ്ഞത് നാലേകാൽ ഘനമീററുള്ള ഇടം ഉണ്ടായിരിക്കേണ്ടതും ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്ക്, പ്രവൃത്തി മുറിയുടെ തറനിരപ്പിന് മൂന്നു മീററിലും അധികം മീതെയുള്ള ഏതെങ്കിലും ഇടം കണക്കിലെടുക്കുന്നതല്ലാത്തതുമാകുന്നു.

11. കുടിക്കാനുള്ള വെള്ളം.—(1) ഏതൊരു വ്യാവസായിക കെട്ടിടപരിസരത്തിലും, നിയോജകൻ, അതിൽ നിയോജിക്കപ്പെടുന്ന എല്ലാ ആളുകൾക്കും സൗകര്യമായ വിധം സ്ഥിതി ചെയ്യുന്ന അനുയോജ്യമായ സ്ഥാനങ്ങളിൽ കുടിക്കാനുള്ള നല്ല വെള്ളം മതിയായിടത്തോളം നല്കാൻ വ്യവസ്ഥ ചെയ്യുകയും, അതു നിലനിറുത്തുകയും ചെയ്യാനുള്ള ഫലപ്രദമായ ഏർപ്പാടുകൾ ചെയ്യേണ്ടതാകുന്നു.

(2) അങ്ങനെയുള്ള എല്ലാ സ്ഥാനങ്ങളും ആ വ്യാവസായിക കെട്ടിട പരിസരത്തിൽ നിയോജിക്കപ്പെടുന്ന ഭൂരിപക്ഷം ആളുകൾക്കും മനസിലാകുന്ന ഭാഷയിൽ " കുടിക്കാനുള്ള വെള്ളം " എന്ന് വ്യക്തമായി അടയാളപ്പെടുത്തേണ്ടതും അങ്ങനെയുള്ള യാതൊരു സ്ഥാനവും, ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ ലിഖിതമായ മുൻ അംഗീകാരത്തോടെയൊഴികെ ഏതെങ്കിലും കഴുകാനുള്ള സ്ഥലത്തിന്റേയോ, മൂത്രപ്പുരയുടേയോ കക്കൂസിന്റെയോ ആറു മീററിനുള്ളിൽ സ്ഥിതി ചെയ്യാൻ പാടില്ലാത്തതും ആകുന്നു.

12. കക്കൂസുകളും മൂത്രപ്പുരകളും.—(1) ഏതൊരു വ്യാവസായിക കെട്ടിടപരിസരത്തിലും, നിർണ്ണയിക്കപ്പെടുന്ന മാതൃകകളിലുള്ള കക്കൂസ്, മൂത്രപ്പുര സൗകര്യം ഏർപ്പെടുത്തേണ്ടതും, അത് ജോലിക്കാർ വ്യാവസായിക കെട്ടിടപരിസരത്തിൽ ആയിരിക്കുമ്പോൾ അവർക്ക് എല്ലാ സമയത്തും പ്രാപ്യമായിരിക്കത്തക്കവണ്ണം സൗകര്യമായവിധം സ്ഥിതി ചെയ്യേണ്ടതും ആകുന്നു:

എന്നാൽ, അമ്പതു ആളുകളിൽ കുറഞ്ഞ് നിയോജിക്കപ്പെടുന്നതോ, കക്കൂസുകൾ ഒരു നീരൊഴുക്കു അഴുക്കുചാൽ പദ്ധതിയോട് ബന്ധപ്പെടുത്തിയിട്ടുള്ളതോ ആയ വ്യാവസായിക കെട്ടിടപരിസരത്തിൽ, പ്രത്യേക മൂത്രപ്പുരകൾ ഏർപ്പെടുത്തുന്നത് ആവശ്യമായിരിക്കുന്നതല്ല.

(2) സ്റ്റേറ്റ് ഗവൺമെൻറിന്, ഏതെങ്കിലും വ്യാവസായികകെട്ടിട പരിസരത്തിൽ, സാധാരണമായി നിയോജിക്കപ്പെടുന്ന ആൺജോലിക്കാരുടേയും പെൺജോലിക്കാരുടേയും എണ്ണത്തിന് ആനുപാതികമായി ഏർപ്പെടുത്തേണ്ട കക്കൂസുകളുടേയും മൂത്രപ്പുരകളുടേയും എണ്ണം വിനിർദ്ദേശിക്കാവുന്നതും, വ്യാവസായികകെട്ടിടപരിസരത്തിലെ ശുചീകരണം സംബന്ധിച്ച് അതിൽ നിയോജിക്കപ്പെടുന്ന ആളുകളുടെ ആരോഗ്യത്തിൻെറ താത്പര്യത്തിൽ ആവശ്യകമാണെന്ന് കരുതുന്ന കൂടുതൽ വിഷയങ്ങൾക്ക്, ഇതു സംബന്ധിച്ച് ജോലിക്കാർക്കുള്ള ബാദ്ധ്യത ഉൾപ്പെടെ, വ്യവസ്ഥ ചെയ്യാവുന്നതും ആകുന്നു.

13. <u>കഴുകൽ സൗകര്യങ്ങൾ</u>.—പുകയിലയുടെ മിശ്രണമോ അരിക്കലോ രണ്ടുമോ, അല്ലെങ്കിൽ ചൂടുള്ള അടുപ്പുകളിൽ ബീഡി ചൂടാക്കലോ നടത്തിക്കൊണ്ടുപോകുന്ന ഏതൊരു വ്യവസായികകെട്ടിടപരിസരത്തിലും, നിയോജകൻ, ജോലിക്കാരുടെ ഉപയോഗത്തിനായി നിർണ്ണയിക്കപ്പെടുന്ന കഴുകൽ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാകുന്നു

14. <u>ശിശുശാലകൾ</u>.—(1) അമ്പതിലധികം പെൺജോലിക്കാർ സാധാരണമായി നിയോജിക്കപ്പെടുന്ന ഏതൊരു വ്യാവസായികകെട്ടിടപരിസരത്തിലും, അങ്ങനെയുള്ള പെൺജോലിക്കാരുടെ ആറ് വയസ്സിന് താഴെയുള്ള കുട്ടികളുടെ ഉപയോഗത്തിനായി അനുയോജ്യമായ മുറിയോ മുറികളോ ഏർപ്പെടുത്തുകയും നിലനിറുത്തുകയും ചെയ്യേണ്ടതാകുന്നു.

(2) അങ്ങനെയുള്ള മുറികളിൽ,—

(ക) പര്യാപ്തമായ സ്ഥലസൗകര്യം ഏർപ്പെടുത്തേണ്ടതും;

(ഖ) അവ പര്യാപ്തമായവിധം വെളിച്ചമുള്ളതും വായുസഞ്ചാരമുള്ളതും ആയിരിക്കേണ്ടതും;

(ഗ) വൃത്തിയായും ശുചിയായും ഉള്ള നിലയിൽ നിലനിറുത്തേണ്ടതും;

(ഘ) കുട്ടികളുടേയും ശിശുക്കളുടേയും പരിരക്ഷയിൽ പരിശീലിപ്പിക്കപ്പെട്ടിട്ടുള്ള സ്ത്രീകളുടെ ചാർജ്ജിൽ ആയിരിക്കേണ്ടതും;

ആകുന്നു.

(3) സ്റ്റേറ്റ് ഗവൺമെൻറിന്,—

(ക) ഈ വകുപ്പിൻകീഴിൽ ഏർപ്പെടുത്തേണ്ട മുറികളുടെ നിർമ്മാണവും സ്ഥലസൗകര്യവും ഫർണിച്ചറും, മററ് സജ്ജീകരണങ്ങളും സംബന്ധിച്ചുള്ള സ്ഥാനവും മാനകങ്ങളും നിർണ്ണയിക്കുന്നതും;

(ഖ) ഈ വകുപ്പ് ബാധകമാകുന്ന വ്യാവസായികകെട്ടിടപരിസരത്തിൽ, പെൺജോലിക്കാരുടെ വക കുട്ടികളുടെ സൂക്ഷിപ്പിന്,വസ്ത്രങ്ങൾ കഴുകുകയും മാററുകയും ചെയ്യുന്നതിനുള്ള അനുയോജ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് ഉൾപ്പെടെ അവരുടെ പരിരക്ഷയ്ക്കുവേണ്ട കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ ആവശ്യപ്പെടുന്നതും;

(ഗ) ഏതെങ്കിലും വ്യാവസായികകെട്ടിടപരിസരത്തിൽ, അങ്ങനെയുള്ള കുട്ടികൾക്ക്, പാലിനോ ലഘുഭക്ഷണത്തിനോ രണ്ടിനുമോ സൗജന്യമായി ഏർപ്പാടുചെയ്യാൻ ആവശ്യപ്പെടുന്നതും;

(ഘ) ഏതെങ്കിലും വ്യാവസായികകെട്ടിടപരിസരത്തിൽ ആവശ്യമായ ഇടവേളകളിൽ അങ്ങനെയുള്ള കുട്ടികൾക്ക് ആഹാരം കൊടുക്കാൻഅവരുടെ അമ്മമാർക്ക് സൗകര്യങ്ങൾ നല്കേണ്ടതാണെന്ന് ആവശ്യപ്പെടുന്നതും;

ആയ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

15. പ്രഥമശുശ്രൂഷ.—ഏതൊരു വ്യാവസായികകെട്ടിടപരിസരത്തിലും, നിർണ്ണയിക്കപ്പെടുന്ന പ്രഥമശുശ്രൂഷാസൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാകുന്നു.

16. കാൻറീനുകൾ.—സ്റ്റേറ്റ് ഗവൺമെൻറിന്, ഇരുനൂററമ്പതിൽ കുറയാത്ത ജോലിക്കാർ സാധാരണമായി നിയോജിക്കപ്പെടുന്ന ഏതൊരു വ്യാവസായികകെട്ടിടപരിസരത്തിലും, ജോലിക്കാരുടെ ഉപയോഗത്തിനായി ഒരു കാൻറീൻ ഏർപ്പെടുത്തുകയും, നിലനിറുത്തുകയും ചെയ്യാൻ, ചട്ടങ്ങൾവഴി, നിയോജകനോട് ആവശ്യപ്പെടാവുന്നതാണ്.

17. പ്രവൃത്തിമണിക്കൂറുകൾ.—യാതൊരു ജോലിക്കാരനോടും, ഏതെങ്കിലും വ്യാവസായികകെട്ടിടപരിസരത്തിൽ ഏതെങ്കിലും ദിവസം ഒമ്പതു മണിക്കൂറിലധികമോ, ഏതെങ്കിലും ആഴ്ച നാല്പത്തെട്ട് മണിക്കൂറിലധികമോ പ്രവൃത്തിചെയ്യാൻ ആവശ്യപ്പെടുകയോ, അയാളെ അതിന് അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല:

എന്നാൽ, ഓവർ ടൈം പ്രവൃത്തി ഉൾപ്പെടെ, പ്രവൃത്തികാലയളവ് ഏതെങ്കിലും ദിവസം പത്ത് മണിക്കൂറിലും, ഒട്ടാകെ ഏതെങ്കിലും ആഴ്ച അമ്പത്തിനാല് മണിക്കൂറിലും കവിയുന്നില്ലെങ്കിൽ, ഈ വകുപ്പിൻകീഴിൽ നിജപ്പെടുത്തിയിട്ടുള്ള പരിധിയിൽ കവിയുന്ന ഏതെങ്കിലും കാലയളവ്, അങ്ങനെയുള്ള വ്യാവസായികകെട്ടിടപരിസരത്തിൽ പ്രവൃത്തിചെയ്യാൻ ഏതെങ്കിലും പ്രായപൂർത്തിയായ ജോലിക്കാരനെ, ഓവർ ടൈം കൂലികൊടുക്കുന്നതിന് വിധേയമായി, അനുവദിക്കാവുന്നതാണ്.

18. ഓവർ ടൈം പ്രവൃത്തിക്കുള്ള കൂലി.—(1) ഏതെങ്കിലും വ്യാവസായികകെട്ടിടപരിസരത്തിൽ നിയോജിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ജോലിക്കാരനോട്, ഓവർടൈമായി പ്രവൃത്തിചെയ്യാൻ ആവശ്യപ്പെടുന്നിടത്ത്, അയാൾക്ക് അങ്ങനെയുള്ള ഓവർടൈംപ്രവൃത്തി സംബന്ധിച്ച്, അയാളുടെ സാധാരണ കൂലിനിരക്കിൻെറ ഇരട്ടി നിരക്കിൽ കൂലിക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

(2) ഒരു വ്യാവസായികകെട്ടിടപരിസരത്തിലുള്ള ജോലിക്കാർക്ക്, പീസ് റേററ് അടിസ്ഥാനത്തിൽ കൂലി കൊടുക്കുന്നിടത്ത്, ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക്, ഓവർ ടൈം നിരക്ക്, ടൈം റേററുകളിൽ കണക്കാക്കപ്പെടേണ്ടതും, അവ ഓവർ ടൈം പ്രവൃത്തി ചെയ്തിട്ടുള്ള ആഴ്ചയ്ക്ക് തൊട്ടു മുമ്പുള്ള ആഴ്ചയിൽ, അവർ യഥാർത്ഥത്തിൽ പ്രവൃത്തിചെയ്തിട്ടുള്ള ദിവസങ്ങൾക്കുള്ള അവരുടെ മുഴുവൻ സമയത്തെ ആർജ്ജനങ്ങളുടെ പ്രതിദിന ശരാശരിക്ക് കഴിയുന്നത്ര അടുത്ത് വരുന്നവയായിരിക്കേണ്ടതും ആകുന്നു.

(3) ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക്, "സാധാരണകൂലിനിരക്കുകൾ" എന്നാൽ, അടിസ്ഥാനകൂലിയും ആ ജോലിക്കാരന് തത്സമയം അവകാശമുള്ളതും ഭക്ഷ്യധാന്യങ്ങളും മററു സാധനങ്ങളും ജോലിക്കാർക്ക് സൗജന്യനിരക്കിൽ വില്ക്കുന്നതിലൂടെ സിദ്ധിക്കുന്ന ആനുകൂല്യത്തിന് സമാനമായ പണം ഉൾപ്പെടെയുള്ള ബത്തകളും കൂടിയത് എന്നർത്ഥമാകുന്നതും, എന്നാൽ അതിൽ ബോണസ് ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു.

(4) ഭക്ഷ്യധാന്യങ്ങളും, മററ് സാധനങ്ങളും ഒരു ജോലിക്കാരന് സൗജന്യനിരക്കിൽ വില്ക്കുന്നതിലൂടെ സിദ്ധിക്കുന്ന ആനുകൂല്യത്തിന് സമാനമായ പണം, ഒരു മാനകകുടുംബത്തിന് അനുവദിക്കാവുന്ന ഭക്ഷ്യധാന്യങ്ങളുടേയും മററ് സാധനങ്ങളുടേയും പരമാവധി അളവിൻെറ അടിസ്ഥാനത്തിൽ നിർണ്ണയിക്കുന്നത്ര പ്രാവശ്യം കണക്കുകൂട്ടേണ്ടതാകുന്നു.

വിശദീകരണം 1.—"മാനകകുടുംബം" എന്നാൽ, ജോലിക്കാരനും ജോലിക്കാരിയും, അവൻേറയോ അവളുടേയോ ഭാര്യയും അല്ലെങ്കിൽ ഭർത്താവും രണ്ട് കുട്ടികളും അടങ്ങുന്നതും, ആകെ മൂന്ന് പ്രായപൂർത്തി ഉപഭോഗയൂണിററുകൾ വേണ്ടതുമായ കുടുംബം എന്നർത്ഥമാകുന്നു.

വിശദീകരണം 2.—" പ്രായപൂർത്തി ഉപഭോഗയൂണിററുകൾ " എന്നാൽ, പതിന്നാല് വയസ്സിനുമീതെയുള്ള ഒരു പുരുഷൻെറ ഉപഭോഗയൂണിററ് എന്നർത്ഥമാകുന്നതും; പതിന്നാല് വയസ്സിനുമീതെയുള്ള സ്ത്രീയുടേയും കുട്ടിയുടേയും ഉപഭോഗയൂണിററ് ഒരു പ്രായപൂർത്തി ഉപഭോഗയൂണിററിൻെറ യഥാക്രമം പത്തിൽ എട്ടും പത്തിൽ ആറും എന്ന തോതിൽ കണക്കാക്കേണ്ടതും ആകുന്നു.

19. വിശ്രമത്തിനുള്ള ഇടവേള.—ഒരു വ്യാവസായികകെട്ടിടപരിസരത്തിലെ ഒരു ജോലിക്കാരൻെറ ഓരോ ദിവസത്തേയും പ്രവൃത്തിക്കാലയളവുകൾ, യാതൊരു കാലയളവും അഞ്ച് മണിക്കൂറിൽ കവിയാത്തവിധവും, യാതൊരു ജോലിക്കാരനും അയാൾക്ക് അരമണിക്കൂറെങ്കിലും വിശ്രമത്തിനുള്ള ഇടവേള കിട്ടുന്നതിനുമുമ്പ് അഞ്ച് മണിക്കൂറിലധികം പ്രവൃത്തിചെയ്യാതിരിക്കത്തക്ക വിധവും നിജപ്പെടുത്തേണ്ടതാകുന്നു.

20. വ്യാപ്തി.—ഒരു വ്യാവസായികകെട്ടിടപരിസരത്തിലുള്ള ഒരു ജോലിക്കാരൻെറ പ്രവൃത്തിക്കാലയളവുകൾ 19-ാം വകുപ്പിൻകീഴിലെ അയാളുടെ വിശ്രമത്തിനുള്ള ഇടവേളകൾ ഉൾപ്പെടെ ഏതെങ്കിലും ദിവസം പത്തര മണിക്കൂറിലധികം വ്യാപിക്കാൻ പാടില്ലാത്തവിധം ഏർപ്പാട് ചെയ്യേണ്ടതാണ്:

എന്നാൽ, ചീഫ് ഇൻസ്പെക്ടർക്ക്, ലിഖിതമായി വിനിർദ്ദേശിക്കേണ്ട കാരണങ്ങളാൽ ആ വ്യാപ്തി പന്ത്രണ്ട് മണിക്കൂറായി വർദ്ധിപ്പിക്കാവുന്നതാണ്.

21. ആഴ്ചതോറുമുള്ള ഒഴിവ് ദിവസങ്ങൾ.—(1) ഏതൊരു വ്യാവസായികകെട്ടിടപരിസരവും ബീഡിയുടേയോ പുകയിലയുടേയോ ഇലകൾ നനയ്ക്കുന്നതിനൊഴികെ, ആഴ്ചയിൽ ഒരു ദിവസം പൂർണ്ണമായി അടച്ചിരിക്കേണ്ടതും, ആ ദിവസമേതെന്ന് നിയോജകൻ വ്യാവസായികകെട്ടിടപരിസരത്തിൽ ശ്രദ്ധയാകർഷിക്കത്തക്ക ഒരു സ്ഥലത്ത് പ്രദർശിപ്പിക്കപ്പെടുന്ന ഒരു നോട്ടീസിൽ വിനിർദ്ദേശിക്കേണ്ടതും, അപ്രകാരം വിനിർദ്ദേശിക്കപ്പെടുന്ന ദിവസം മൂന്ന് മാസത്തിൽ ഒരു പ്രാവശ്യത്തിലധികവും ചീഫ് ഇൻസ്പെക്ടറുടെ ലിഖിതമായ മുൻ അനുവാദത്തോടുകൂടിയല്ലാതേയും വ്യത്യാസപ്പെടുത്താൻ പാടില്ലാത്തതും ആകുന്നു.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, മുൻപറഞ്ഞ കെട്ടിടപരിസരം (1)-ാം ഉപവകുപ്പിന് അനുസൃതമായി അടച്ചിരിക്കുന്ന ദിവസം അതിന് ബീഡിയുടേയോ പുകയിലയുടേയോ ഇലകൾ നനയ്ക്കുന്നതിനായി നിയോജിക്കപ്പെടുന്ന ഒരു ജോലിക്കാരന്, ആ ദിവസത്തിന് തൊട്ടുമുമ്പോ പിമ്പോ ഉള്ള മൂന്ന് ദിവസങ്ങളിലൊരു ദിവസം, പകരം ഒഴിവുദിവസമായി അനുവദിക്കേണ്ടതാകുന്നു.

(3) ഈ വകുപ്പിൻകീഴിലെ ഒരു ഒഴിവുദിവസത്തേക്ക്, ഒരു ജോലിക്കാരന്, വിപരീതമായി ഏത് കാൺട്രാക്ററ് ഉണ്ടായിരുന്നാലും, ആ ഒഴിവുദിവസത്തിന് തൊട്ടുമുമ്പുള്ള ആഴ്ചയിൽ, അയാൾ പ്രവൃത്തിചെയ്തിട്ടുണ്ടായിരുന്ന ദിവസങ്ങൾക്കുള്ളതും, ഏതെങ്കിലും ഓവർ ടൈം ആർജ്ജനങ്ങളും

ബോണസും ഒഴിച്ചുനിറുത്തിയും, എന്നാൽ, ക്ഷാമബത്തയും മററ് ബത്തകളും ഉൾപ്പെടെയും ഉള്ളതുമായ, അയാളുടെ മുഴുവൻ സമയത്തെ ഒട്ടാകെയുള്ള ആർജ്ജനങ്ങളുടെ പ്രതിദിനശരാശരിക്ക് തുല്യമായ നിരക്കിൽ കൂലി കൊടുക്കേണ്ടതാകുന്നു.

വിശദീകരണം.—''മുഴുവൻ സമയത്തെ ഒട്ടാകെയുള്ള ആർജ്ജനങ്ങൾ'' എന്ന പദത്തിന് 27-ാം വകുപ്പിൽ അതിന് നല്കിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

22. <u>പ്രവൃത്തികാലയളവുകളുടെ നോട്ടീസ്</u>.—(1) ഏതൊരു വ്യാവസായികകെട്ടിടപരിസരത്തിലും, ജോലിക്കാരോട് പ്രവൃത്തിചെയ്യാൻ ആവശ്യപ്പെടാവുന്ന കാലയളവുകൾ ഓരോ ദിവസത്തേക്കും വ്യക്തമായി കാണിച്ചുകൊണ്ട് പ്രവൃത്തികാലയളവുകളുടെ ഒരു നോട്ടീസ് നിർണ്ണയിക്കപ്പെടുന്ന ഫാറത്തിലും രീതിയിലും, പ്രദർശിപ്പിക്കുകയും ശരിയായി നിലനിറുത്തുകയും ചെയ്യേണ്ടതാകുന്നു.

(2) (ക) (1)-ാം ഉപവകുപ്പിൽ പരാമർശിച്ച നോട്ടീസിന്റെ പകർപ്പ്, ഈ ആക്ററിന്റെ പ്രാരംഭത്തിൽ പ്രവൃത്തിനടത്തിക്കൊണ്ടുപോകുന്ന ഏതെങ്കിലും വ്യാവസായികകെട്ടിടപരിസരത്തിന്റെ സംഗതിയിൽ, ഈ ആക്ററിൻ കീഴിൽ ആദ്യമായി ലൈസൻസ് നല്കുന്ന തീയതി മുതൽ രണ്ടാഴ്ചക്കുള്ളിലും, അങ്ങനെയുള്ള പ്രാരംഭത്തിനുശേഷം പ്രവൃത്തി തുടങ്ങുന്ന ഏതെങ്കിലും വ്യാവസായികകെട്ടിടപരിസരത്തിന്റെ സംഗതിയിൽ ആ വ്യാവസായികകെട്ടിടപരിസരത്തിൽ പ്രവൃത്തി തുടങ്ങുന്ന ദിവസത്തിനു മുമ്പ്, ആ വ്യാവസായികകെട്ടിടപരിസരത്തിൻമേൽ അധികാരിതയുള്ള ഇൻസ്പെക്ടർക്ക് ട്രിപ്ലിക്കേററായി അയച്ചുകൊടുക്കേണ്ടതാകുന്നു.

(ഖ) (1)-ാം ഉപവകുപ്പിൽ പരാമർശിച്ച നോട്ടീസിൽ മാററം ആവശ്യമാകുന്ന, പ്രവൃത്തിസമ്പ്രദായത്തിലെ ഏതെങ്കിലും നിർദ്ദിഷ്ടമാററം, ആ മാററം വരുത്തുന്നതിനുമുമ്പായി ഇൻസ്പെക്ടറെ ട്രിപ്ലിക്കേററായുള്ള നോട്ടീസുവഴി അറിയിക്കേണ്ടതും, അങ്ങനെയുള്ള യാതൊരു മാററവും ഒടുവിൽ കഴിഞ്ഞ മാററത്തിനുശേഷം, ഒരു ആഴ്ച കഴിയുന്നതുവരെ ഇൻസ്പെക്ടറുടെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയല്ലാതെ, വരുത്താൻ പാടില്ലാത്തതും ആകുന്നു.

23. <u>പ്രവൃത്തിമണിക്കൂറുകൾ 22-ാം വകുപ്പിൻകീഴിലെ നോട്ടീസിന് അനുരൂപമായിരിക്കണമെന്ന്</u>.—യാതൊരു ജോലിക്കാരനും, ഏതെങ്കിലും വ്യാവസായികകെട്ടിടപരിസരത്തിൽ 22-ാം വകുപ്പിൻകീഴിൽ ആ കെട്ടിടപരിസരത്തിൽ പ്രദർശിപ്പിക്കുന്ന, പ്രവൃത്തിയെക്കുറിച്ചുള്ള നോട്ടീസ് അനുസരിച്ചല്ലാതെ നിയോജിക്കപ്പെടാൻ പാടുള്ളതല്ല.

24. <u>കുട്ടികളുടെ നിയോജനം നിരോധിക്കുന്നത്</u>.—യാതൊരു കുട്ടിയോടും ഏതെങ്കിലും വ്യാവസായികകെട്ടിടപരിസരത്തിൽ പ്രവൃത്തിചെയ്യാൻ ആവശ്യപ്പെടുകയോ, കുട്ടിയെ അതിന് അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

25. <u>ചില മണിക്കൂറുകളിൽ സ്ത്രീകളേയോ ചെറുപ്രായത്തിലുള്ള ആളുകളേയോ നിയോജിക്കുന്നതിന്റെ നിരോധനം</u>.—യാതൊരു സ്ത്രീയോടും അല്ലെങ്കിൽ ചെറുപ്രായത്തിലുള്ള ആളോടും, ഉച്ചയ്ക്കുമുമ്പ്, 6 മണിക്കും ഉച്ചയ്ക്കുപിമ്പ് 7 മണിക്കും ഇടയ്ക്കല്ലാതെ ഏതെങ്കിലും വ്യാവസായികകെട്ടിടപരിസരത്തിൽ പ്രവൃത്തിചെയ്യാൻ ആവശ്യപ്പെടുകയോ അവരെ അതിന് അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

26. കൂലിയോടുകൂടിയ വാർഷികാവധി.—(1) ഒരു സ്ഥാപനത്തിലെ ഏതൊരു ജോലിക്കാരനും—ഒരു കലണ്ടർ വർഷത്തിൽ,—

(i) പ്രായപൂർത്തിയായ ഒരാളുടെ സംഗതിയിൽ, മുൻകലണ്ടർവർഷത്തിൽ അയാൾ ചെയ്ത ഓരോ ഇരുപതു ദിവസത്തെ പ്രവൃത്തിക്കും ഒരു ദിവസമെന്ന നിരക്കിലും;

(ii) ചെറുപ്രായത്തിലുള്ള ആളുടെ സംഗതിയിൽ, മുൻകലണ്ടർവർഷത്തിൽ അയാൾ ചെയ്ത ഓരോ പതിനഞ്ച് ദിവസത്തെപ്രവൃത്തിക്കും ഒരു ദിവസം എന്ന നിരക്കിലും,

കൂലിയോടുകൂടിയ അവധി അനുവദിക്കേണ്ടതാകുന്നു.

വിശദീകരണം.—ഈ ഉപവകുപ്പിൻകീഴിൽ അനുവദനീയമായ അവധി, എല്ലാ ഒഴിവു ദിവസങ്ങളും, അവ അവധിക്കാലത്തിനിടയിൽ വരുന്നതോ അതിന്റെ ആദ്യമോ അവസാനമോ വരുന്നതോആയാലും, ഒഴിച്ചുനിറുത്തിയുള്ളതായിരിക്കുന്നതാണ്.

(2) ഒരു ജോലിക്കാരൻ വർഷത്തിനിടയ്ക്കുവച്ച് സേവനത്തിൽനിന്ന് ഡിസ്ചാർജ് ചെയ്യപ്പെടുകയോ ഡിസ്മിസ് ചെയ്യപ്പെടുകയോ നിയോജനം വിട്ടുപോവുകയോ ചെയ്യുന്നുവെങ്കിൽ, അയാൾക്ക് (1)-ാം ഉപവകുപ്പിൽ പ്രതിപാദിക്കുന്ന നിരക്കിൽ കൂലിയോടുകൂടിയ അവധിക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

(3) ഈ വകുപ്പിൻകീഴിൽ അവധി കണക്കാക്കുന്നതിൽ, അവധിയുടെ പകുതിദിവസത്തേയോ അതിലധികമോ ആയ ഏതെങ്കിലും ഭിന്നിതം ഒരു മുഴുവൻ ദിവസത്തെ അവധിയായി പരിഗണിക്കേണ്ടതും പകുതിദിവസത്തിൽ കുറഞ്ഞ ഏതെങ്കിലും ഭിന്നിതം വിട്ടുകളയേണ്ടതും ആകുന്നു.

(4) ഏതെങ്കിലും ജോലിക്കാരൻ, ഏതെങ്കിലും കലണ്ടർവർഷത്തിൽ, (1)-ാം ഉപവകുപ്പിൻകീഴിൽ തനിക്ക് അനുവദിക്കപ്പെടുന്ന അവധി മുഴുവനും എടുക്കുന്നില്ലെങ്കിൽ, അയാൾ എടുത്തിട്ടില്ലാത്ത അവധി, പിന്നത്തെ കലണ്ടർ വർഷത്തിൽ അയാൾക്ക് അനുവദിക്കേണ്ട അവധിയോട് കൂട്ടേണ്ടതാണ് :

എന്നാൽ, പിന്നത്തെ വർഷത്തിലേക്ക് എടുത്തെഴുതാവുന്ന അവധിദിവസങ്ങളുടെ ആകെ എണ്ണം, പ്രായപൂർത്തി ആയ ആളുടെ സംഗതിയിൽ മുപ്പതിലും, ചെറുപ്രായത്തിലുള്ള ആളുടെ സംഗതിയിൽ നാല്പതിലും കവിയാൻ പാടുള്ളതല്ല.

(5) (1)-ാം ഉപവകുപ്പിൻകീഴിൽ അനുവദിക്കപ്പെടുന്ന മുഴുവൻ അവധിക്കോ അതിന്റെ എതെങ്കിലും ഭാഗത്തിനോ ഉള്ള ഒരു ജോലിക്കാരന്റെ അപേക്ഷ ലിഖിതമായിരിക്കേണ്ടതും, സാധാരണ ആയി, അവധി ഏതു ദിവസം ആരംഭിക്കാനാണോ അയാൾ ആഗ്രഹിക്കുന്നത് ആ ദിവസത്തിന് മതിയായിടത്തോളം മുൻപായി കൊടുക്കേണ്ടതായിരിക്കുന്നതും ആകുന്നു.

(6) (1)-ാം ഉപവകുപ്പിൻകീഴിൽ അവധിക്ക് അവകാശമുള്ള ഒരു ജോലിക്കാരന്റെ നിയോജനം, അയാൾ തനിക്ക് അവകാശമുള്ള മുഴുവൻ അവധിയും എടുക്കുന്നതിനുമുമ്പായി നിയോജകൻ അവസാനിപ്പിക്കുകയാണെങ്കിലോ, അല്ലെങ്കിൽ അവധിക്ക് അപേക്ഷിച്ചിരിക്കെ, അയാൾക്ക് അങ്ങനെയുള്ള അവധി അനുവദിച്ചിട്ടില്ലാതിരിക്കുകയാണെങ്കിലോ അല്ലെങ്കിൽ ജോലിക്കാരൻ ആ അവധി എടുക്കുന്നതിന് മുമ്പായി തന്റെ നിയോജനം വിട്ടുപോവുകയാണെങ്കിലോ, നിയോജകൻ, അയാൾക്ക് ആ എടുത്തിട്ടില്ലാത്ത അവധി സംബന്ധിച്ച് 27-ാം വകുപ്പിൻകീഴിൽ കൊടുക്കേണ്ട തുക കൊടുക്കേണ്ടതും, അങ്ങനെ കൊടുക്കുന്നത്, നിയോജകൻ ജോലിക്കാരന്റെ നിയോജനം അവസാനിപ്പിക്കുന്നിടത്ത്, അങ്ങനെ അവസാനിപ്പിക്കുന്നതിനുഷശേമുള്ള രണ്ടാമത്തെ

പ്രവൃത്തിദിവസം കഴിയുന്നതിനു മുമ്പും, ജോലിക്കാരൻ, തന്റെ നിയോജനം വിട്ടുപോകുന്നിടത്ത്, അടുത്ത ശമ്പളദിവസവും അല്ലെങ്കിൽ അതിനുമുമ്പും ആയിരിക്കേണ്ടതും ആകുന്നു.

(7) ഡിസ്ചാർജിനോ ഡിസ്മിസലിനോ മുൻപായി നല്കേണ്ട ഏതെങ്കിലും നോട്ടീസിന്റെ കാലയളവ് കണക്കുകൂട്ടുന്നതിൽ, ഒരു ജോലിക്കാരൻ എടുത്തിട്ടില്ലാത്ത അവധി പരിഗണിക്കാൻ പാടുള്ളതല്ല.

27. <u>അവധിക്കാലത്തെ കൂലി.</u>—(1) 26-ാം വകുപ്പിൻകീഴിൽ തനിക്ക് അനുവദിക്കുന്ന അവധിക്ക്, ഒരു ജോലിക്കാരന്, ഏതെങ്കിലും ഓവർ റൈറം ആർജ്ജനങ്ങളും ബോണസും ഒഴിച്ചുനിറുത്തിയും, എന്നാൽ ക്ഷാമബത്തയും മററ് ബത്തകളും ഉൾപ്പെടുത്തിയും ഉള്ള അയാളുടെ അവധിക്കു തൊട്ടുമുമ്പുള്ള മാസത്തിൽ അയാൾ പ്രവൃത്തിചെയ്ത ദിവസങ്ങളിലെ മുഴുവൻ സമയത്തെ ഒട്ടാകെയുള്ള ആർജ്ജനങ്ങളുടെ പ്രതിദിനം ശരാശരിക്കു തുല്യമായ നിരക്കിൽ കൂലി കൊടുക്കേണ്ടതാകുന്നു.

വിശദീകരണം I.—ഈ ഉപവകുപ്പിൽ "മുഴുവൻ സമയത്തെ ഒട്ടാകെയുള്ള ആർജ്ജനങ്ങൾ" എന്ന പദത്തിൽ, ആ ജോലിക്കാരന് തൽസമയം അവകാശമുള്ളതും, ഭക്ഷ്യധാന്യങ്ങളും മററ്സാധനങ്ങളും ജോലിക്കാർക്ക് സൗജന്യ നിരക്കിൽ വില്ക്കുന്നതിലൂടെ സിദ്ധിക്കുന്ന ആനുകൂല്യത്തിന് സമാനമായ പണം ഉൾപ്പെടുന്നതും, എന്നാൽ ബോണസ് ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു.

വിശദീകരണം II.—അവധിക്കാലയളവിൽ ഒരു വീട്ടുതൊഴിലാളിക്ക് കൊടു ക്കേണ്ട കൂലി നിശ്ചയിക്കുന്ന ആവശ്യത്തിനോ, അല്ലെങ്കിൽ വീട്ടുസ്ത്രീയായ തൊഴിലാളിക്ക് പ്രസവകാലാനുകൂല്യം കൊടുക്കുന്ന ആവശ്യത്തിനോ, "ദിവസ"ത്തിന്, അർദ്ധരാത്രി ആരംഭിക്കുന്ന ഒരു ഇരുപത്തിനാല് മണി ക്കൂർ കാലയളവിൽ ബീഡിയോ ചുരുട്ടോ അല്ലെങ്കിൽ രണ്ടുമോ ഉണ്ടാക്കുന്നതി നായി അങ്ങനെയുള്ള വീട്ടുതൊഴിലാളി നിയോജിക്കപ്പെട്ടിരുന്ന ഏതെങ്കിലും കാലയളവ് എന്നർത്ഥമാകുന്നു.

(2) പ്രായപൂർത്തിയായ ആളുടെ സംഗതിയിൽ നാല് ദിവസത്തിൽ കുറയാതെയും, ചെറുപ്രായത്തിലുള്ള ആളുടെ സംഗതിയിൽ അഞ്ച് ദിവസ ത്തിൽ കുറയാതേയും അവധി അനുവദിച്ചിട്ടുള്ള ജോലിക്കാരന്, അയാളുടെ അവധി ആരംഭിക്കുന്നതിനു മുൻപായി അനുവദിച്ചിട്ടുള്ള അവധിക്കാലത്തേക്ക് കിട്ടാനുള്ള കൂലി കൊടുക്കേണ്ടതാകുന്നു.

28. <u>കൂലികൊടുക്കൽ ആക്ററ്, 1936 വ്യാവസായിക കെട്ടിടപരിസര ത്തിന് ബാധകമാക്കൽ.</u>—(1) കൂലികൊടുക്കൽ ആക്ററ്, 1936 (1936-ലെ 4)-ൽ (ഈ വകുപ്പിൽ ഇതിനുശേഷം മുൻപറഞ്ഞ ആക്ററ് എന്ന് പരാമർശി ക്കുന്നത്) എന്തുതന്നെ അടങ്ങിയിരുന്നാലും സ്റേററ് ഗവൺമെൻറിന്, മുൻപറഞ്ഞ ആക്ററിലേയോ അതിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങളിലേയോ എല്ലാ വ്യവസ്ഥകളുമോ ഏതെങ്കിലുമോ ഈ ആക്ററ് ബാധകമാകുന്ന സ്ഥാപനത്തി ലേയോ തരം സ്ഥാപനങ്ങളിലേയോ എല്ലാ ജോലിക്കാർക്കുമോ ഏതെങ്കിലും തരം ജോലിക്കാർക്കോ ബാധകമാകുമെന്ന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി നിർദ്ദേശിക്കാവുന്നതും മുൻപറഞ്ഞ ആക്ററിലെ വ്യവസ്ഥകൾ, അങ്ങനെ ബാധകമാകുന്നതോടെ, ഈ ആക്ററിൻകീഴിൽ നിയമിക്കപ്പെടുന്ന ഒരു ഇൻസ്പെ

ക്റ്റർ, തന്റെ ആധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിൽ മുൻപറഞ്ഞ ആക്റ്റിലെ അങ്ങനെയുള്ള വ്യവസ്ഥകൾ പ്രാവർത്തികമാക്കുന്ന ആവശ്യങ്ങൾക്കുള്ള ഇൻസ്പെക്റ്ററായി കരുതപ്പെടുന്നതും ആകുന്നു.

(2) സ്റ്റേറ്റ് ഗവൺമെന്റിന്, (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന ഏതെങ്കിലും വിജ്ഞാപനം ഒരു സദൃശവിജ്ഞാപനംവഴി റദ്ദാക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

29. പ്രത്യേക വ്യവസ്ഥകൾ.—(1) സ്റ്റേറ്റ് ഗവൺമെന്റിന്, ജോലിക്കാർ, വ്യവസായിക കെട്ടിടപരിസരത്തിന് വെളിയിൽവച്ച്, ബീഡിയുടേയോ പുകയിലയുടേയോ ഇലകൾ നനയ്ക്കുന്നതോ മുറിക്കുന്നതോ അങ്ങനെയുള്ള ജോലിക്കാർക്കുവേണ്ടി, നിയോജകൻ കൊടുക്കുന്ന അപേക്ഷയിൻമേൽ അനുവദിക്കാവുന്നതാണ്.

(2) നിയോജകൻ (1)-ാം ഉപവകുപ്പിൻകീഴിൽ വ്യാവസായിക കെട്ടിട പരിസരത്തിന് വെളിയിൽവച്ച് നടത്തിക്കൊണ്ടുപോകാൻ അനുവദിക്കപ്പെടുന്ന പ്രവൃത്തിയുടെ റിക്കാർഡ് നിർണ്ണയിക്കപ്പെടുന്ന ഫാറത്തിൽ വച്ചുപോരേണ്ടതാകുന്നു.

(3) ഈ വകുപ്പിൽ മററു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളവിധമൊഴികെ, യാതൊരു നിയോജകനും, ബീഡിയോ ചുരുട്ടോ അല്ലെങ്കിൽ രണ്ടുമോ ഉണ്ടാക്കുന്നതുമായി ബന്ധപ്പെട്ട ഏതെങ്കിലും നിർമ്മാണപ്രക്രിയ വ്യാവസായിക കെട്ടിട പരിസരത്തിന് വെളിയിൽവച്ച് നടത്തിക്കൊണ്ടുപോകാൻ ആവശ്യപ്പെടുകയോ അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല :

എന്നാൽ, ഈ ഉപവകുപ്പിലെ യാതൊന്നും, വീട്ടിൽവച്ച് ബീഡിയോ ചുരുട്ടോ അല്ലെങ്കിൽ രണ്ടുമോ ആക്കിത്തീർക്കാനായി ഒരു നിയോജകനാലോ കൺട്രാക്റ്ററാലോ അസംസ്കൃതപദാർത്ഥം നല്കപ്പെടുന്ന ഏതെങ്കിലും തൊഴിലാളിക്ക് ബാധകമാകുന്നതല്ല.

30. വയസ്സ് സംബന്ധിച്ച് തെളിയിക്കേണ്ട ഭാരം.—(1) ഏതെങ്കിലും കൃത്യമോ കൃത്യവിലോപമോ ഒരാൾ ഒരു നിശ്ചിത വയസ്സിൽ താഴെയാണെങ്കിൽ, ഈ ആക്റ്റിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുററമാവുകയും, കോടതിയുടെ അഭിപ്രായത്തിൽ അങ്ങനെയുള്ള ആൾ, പ്രഥമദൃഷ്ട്യാ, അങ്ങനെയുള്ള വയസ്സിനുതാഴെയായിരിക്കുകയും ചെയ്യുമ്പോൾ, അങ്ങനെയുള്ള ആൾ അങ്ങനെയുള്ള വയസ്സിനു താഴെയല്ലെന്ന് തെളിയിക്കേണ്ട ഭാരം, പ്രതിക്ക് ആയിരിക്കുന്നതാണ്.

(2) ഒരു ജോലിക്കാരനെ താൻ നേരിട്ടു പരിശോധിച്ചിട്ടുണ്ട് എന്നും അയാൾ പ്രഖ്യാപനത്തിൽ പ്രസ്താവിക്കുന്ന വയസ്സിൽ താഴെയാണെന്ന് താൻ വിശ്വസിക്കുന്നു എന്നും ഉള്ള അയാളെ സംബന്ധിച്ച സിവിൽ അസിസ്റ്റൻറ് സർജന്റെ പദവിക്കു താഴെയല്ലാത്ത ഒരു മെഡിക്കൽ ആഫീസറുടെ ലിഖിതമായ പ്രഖ്യാപനം, ഈ ആക്റ്റിന്റേയും അതിൻകീഴിലുണ്ടാക്കുന്ന ചട്ടങ്ങളുടേയും ആവശ്യങ്ങൾക്ക്, ആ ജോലിക്കാരന്റെ വയസ്സിന്റെ തെളിവായി സ്വീകാര്യമാകുന്നു.

31. ഡിസ്മിസ്സലിന്റെ നോട്ടീസ്.—(1) യാതൊരു നിയോജകനും ആറുമാസക്കാലമായോ അതിലധിക കാലമായോ നിയോജിതനായിരിക്കുന്ന ഒരു ജോലിക്കാരന്റെ സേവനങ്ങൾ, ന്യായമായ കാരണത്തിനല്ലാതേയും, അങ്ങനെയുള്ള ജോലിക്കാരന് ചുരുങ്ങിയത് ഒരു മാസത്തെ നോട്ടീസോ അല്ലെങ്കിൽ അങ്ങനെയുള്ള നോട്ടീസിനു പകരമുള്ള കൂലിയോ നല്കാതെയും വേണ്ടെന്നു വയ്ക്കാൻ പാടുള്ളതല്ല:

എന്നാൽ, അങ്ങനെയുള്ള ജോലിക്കാരന്റെ സേവനങ്ങൾ, നടപടിദൂഷ്യത്തിനുള്ള ഒരു ചാർജ്ജിൻമേലും, നിയോജകൻ ആ ആവശ്യത്തിന് നടത്തുന്ന ഒരു അന്വേഷണ വിചാരണയിൽ റിക്കാർഡാക്കുന്ന തൃപ്തികരമായ തെളിവിന്റെ പിൻബലത്തോടുകൂടിയുമാണ് വേണ്ടെന്നു വയ്ക്കുന്നതെങ്കിൽ, അങ്ങനെയുള്ള നോട്ടീസ് ആവശ്യമായിരിക്കുന്നതല്ല.

(2) (ക) ഡിസ്ചാർജ്ജ് ചെയ്യപ്പെടുകയോ, ഡിസ്മിസ് ചെയ്യപ്പെടുകയോ റീട്രെഞ്ച് ചെയ്യപ്പെടുകയോ ചെയ്യുന്ന ജോലിക്കാരന് തന്റെ സേവനങ്ങൾ വേണ്ടെന്ന് വയ്ക്കുന്നതിന് ന്യായമായ കാരണമുണ്ടായിരുന്നില്ലെന്ന കാരണത്തിൻമേലോ, അല്ലെങ്കിൽ നിയോജകനാൽ കാണപ്പെട്ടതുപോലെ നടപടിദൂഷ്യത്തിന് താൻ അപരാധിയായിട്ടുണ്ടായിരുന്നില്ലെന്ന കാരണത്തിൻമേലോ, അല്ലെങ്കിൽ അങ്ങനെയുള്ള ഡിസ്ചാർജ്ജ് ശിക്ഷയോ ഡിസ്മിസ്സൽ ശിക്ഷയോ കഠിനമായിരുന്നുവെന്ന കാരണത്തിൻമേലോ, നിർണ്ണയിക്കപ്പെടുന്ന അധികാരസ്ഥാനത്തിന് നിർണ്ണയിക്കപ്പെടുന്ന സമയത്തിനുള്ളിൽ അപ്പീൽ കൊടുക്കാവുന്നതാണ്.

(ഖ) അപ്പീൽ അധികാരസ്ഥാനത്തിന്, നിയോജകനും ജോലിക്കാരനും നിർണ്ണയിക്കപ്പെടുന്ന രീതിയിൽ നോട്ടീസ് നല്കിയതിനുശേഷം, അപ്പീൽ ഡിസ്മിസ് ചെയ്യുകയോ അല്ലെങ്കിൽ ജോലിക്കാരനെ നിയോജനമില്ലാതെ നിറുത്തിയിരുന്ന കാലത്തെ കൂലിയോടുകൂടിയോ കൂടാതെയോ അയാളുടെ പുനഃസ്ഥാപനം നിദേശിക്കുകയോ, അല്ലെങ്കിൽ പുനഃസ്ഥാപനം കൂടാതെ നഷ്ടപരിഹാരം നല്കാൻ നിദേശിക്കുകയോ അല്ലെങ്കിൽ സംഗതിയുടെ പരിതഃസ്ഥിതികളിൽ യുക്തമെന്നു തോന്നുന്ന മററു നിവൃത്തി നല്കുകയോ ചെയ്യാവുന്നതാണ്.

(3) അപ്പീൽ അധികാരസ്ഥാനത്തിന്റെ തീരുമാനം അന്തിമവും ഇരുകക്ഷികളേയും ബന്ധിക്കുന്നതുമായിരിക്കുന്നതും, അപ്പീൽ അധികാരസ്ഥാനത്തിന്റെ ഉത്തരവിൽ വിനിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ നടപ്പിലാക്കേണ്ടതും ആകുന്നു.

32. <u>ഇൻസ്പെക്ടറെ തടസ്സപ്പെടുത്തുന്നതിനുള്ള ദണ്ഡനം.</u>—ഈ ആക്ററോ ആക്ററിൻകീഴിലോ നല്കുന്ന ഏതെങ്കിലും അധികാരങ്ങൾ പ്രയോഗിക്കുന്നതിൽ ചീഫ് ഇൻസ്പെക്ടറേയോ ഇൻസ്പെക്ടറേയോ തടസ്സപ്പെടുത്തുകയോ, അല്ലെങ്കിൽ ഈ ആക്ററോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളോ അനുസരിച്ച് തന്റെ കസ്ററഡിയിൽ വച്ചുപോരുന്ന ഏതെങ്കിലും രജിസ്ററോ മററു രേഖയോ ചീഫ് ഇൻസ്പെക്ടറോ, ഇൻസ്പെക്ടറോ ആവശ്യപ്പെടുമ്പോൾ ഹാജരാക്കാതിരിക്കുകയോ അല്ലെങ്കിൽ ചീഫ് ഇൻസ്പെക്ടറുടേയോ ഇൻസ്പെക്ടറുടേയോ മുമ്പാകെ ഹാജരാക്കുന്നതിൽനിന്നോ അവരാൽ വിസ്തരിക്കപ്പെടുന്നതിൽനിന്നോ ഏതെങ്കിലും വ്യാവസായിക കെട്ടിടപരിസരത്തിലുള്ള ഏതെങ്കിലും ജോലിക്കാരനെ ഒളിപ്പിക്കുകയോ തടയുകയോ ചെയ്യുകയോ ചെയ്യുന്ന ഏതൊരാളും മൂന്നുമാസത്തോളമാകാവുന്ന കാലത്തെ തടവു ശിക്ഷയോ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

33. <u>കുററത്തിനുള്ള സാമാന്യ ദണ്ഡനം.</u>—(1) ഈ ആക്ററിൽ മററു വിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ, അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലേയോ ഈ ആക്ററിലേയോ വ്യവസ്ഥകളിൽ ഏതെങ്കിലും ഉല്ലംഘിക്കുകയോ അല്ലെങ്കിൽ 31-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൻകീഴിൽ അപ്പീൽ അധികാരസ്ഥാനം പാസ്സാക്കുന്ന ഏതെ

ങ്കിലും ഉത്തരവ് അനുസരിച്ച് കൂലിയോ നഷ്ടപരിഹാരമോ കൊടുക്കാതിരിക്കുകയോ ചെയ്യുന്ന ഏതൊരാളും, ആദ്യത്തെ കുററത്തിന്, ഇരുനൂററമ്പതു രൂപയോളമാകാവുന്ന പിഴശിക്ഷയും, രണ്ടാമത്തേയോ പിന്നീടുള്ള ഏതെങ്കിലുമോ കുററത്തിന് ഒരു മാസത്തിൽ കുറയാത്തതോ ആറു മാസത്തിൽ കൂടാത്തതോ ആയ കാലത്തെ തടവുശിക്ഷയും അല്ലെങ്കിൽ നൂറു രൂപയിൽ കുറഞ്ഞതോ, അഞ്ഞൂറു രൂപയിൽ കൂടാത്തതോ ആയ പിഴ ശിക്ഷയും അല്ലെങ്കിൽ രണ്ടും കൂടിയും നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(2) (ക) 31-ാംവകുപ്പ് (2)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൻകീഴിൽ പാസ്സാക്കുന്ന അപ്പീൽ അധികാരസ്ഥാനത്തിൻെറ ഉത്തരവ് അനുസരിച്ച് ഏതെങ്കിലും ജോലിക്കാരനെ പുനഃസ്ഥാപിക്കാതിരിക്കുന്ന ഏതെങ്കിലും നിയോജകൻ ഇരുനൂററമ്പതു രൂപയോളമാകാവുന്ന പിഴശിക്ഷനല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(ഖ) (ക) ഖണ്ഡത്തിൻകീഴിൽ കുററസ്ഥാപനം ചെയ്യപ്പെട്ടിരിക്കെ, അങ്ങനെയുള്ള കുററസ്ഥാപനത്തിൻെറ തീയതിക്കുശേഷം, ആ ഖണ്ഡത്തിൽ പറഞ്ഞ ഉത്തരവനുസരിച്ച് ഒരു ജോലിക്കാരനെ പുനഃസ്ഥാപിക്കാതിരിക്കുന്നത് തുടരുന്ന ഏതെങ്കിലും നിയോജകൻ, അങ്ങനെ വീഴ്ച വരുത്തുന്ന ഓരോ ദിവസത്തേക്കും ഇരുപതു രൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(ഗ) ഈ ഉപവകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററം വിചാരണ ചെയ്യുന്ന ഏതെങ്കിലും കോടതിക്ക്, പിഴ മുഴുവനുമോ അതിൻെറ ഏതെങ്കിലും ഭാഗമോ, അതു വസൂലാക്കപ്പെടുന്നുവെങ്കിൽ. കോടതിയുടെ അഭിപ്രായത്തിൽ അങ്ങനെ ചെയ്യാതിരുന്നതിനാൽ ക്ഷതിയുളവാക്കപ്പെട്ട ഏതെങ്കിലും ആരംക്ക് നഷ്ടപരിഹാരമായി കൊടുക്കേണ്ടതാണെന്ന് നിദേശിക്കാവുന്നതാണ്.

(3) കൂലിയുടെ നിർവ്വചനം സംബന്ധിച്ച്, കൂലി കൊടുക്കൽ ആക്ററ്, 1936 (1936-ലെ 4)-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും 31-ാംവകുപ്പു (2)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൻകീഴിൽ ഒരു നിയോജകൻ കൊടുക്കണമെന്ന് ആവശ്യപ്പെടുന്നതും, എന്നാൽ അയാരം കൊടുക്കാത്തതുമായ ഏതെങ്കിലും നഷ്ടപരിഹാരം ആ ആക്ററിലെ വ്യവസ്ഥകരംക്കു കീഴിൽ കാലതാമസം വരുത്തിയ കൂലി എന്ന നിലയിൽ വസൂലാക്കപ്പെടാവുന്നതാണ്.

(4) 3-ാംവകുപ്പിലെ വ്യവസ്ഥകളുടെ ഉല്ലംഘനത്തിനുള്ള ഏതെങ്കിലും ആളുടെ പ്രാസിക്യൂഷനിൽ, ബീഡിയോ ചുരുട്ടോ അല്ലെങ്കിൽ രണ്ടുമോ ഉണ്ടാക്കുന്നതുമായി ബന്ധപ്പെട്ട ഏതെങ്കിലും നിർമ്മാണ പ്രക്രിയ നടത്തിക്കൊണ്ടുപോയിരുന്നത്, അങ്ങനെയുള്ള ആരം തന്നെയോ അയാളുടെ കുടുംബത്തിലെ ഏതെങ്കിലും അംഗമോ അല്ലെങ്കിൽ അങ്ങനെയുള്ള ആളുടെ കൂടെ താമസിക്കുന്നതോ അങ്ങനെയുള്ള ആളെ ആശ്രയിക്കുന്നതോ ആയ മറേറതെങ്കിലും ആളോ ആണെന്നുള്ളത് പ്രതിവാദമായിരിക്കാൻ പാടുള്ളതല്ല.

34. <u>കമ്പനികളാലുള്ള കുററങ്ങരം.</u>—(1) ഈ ആക്ററിൻകീഴിലെ ഒരു കുററം കമ്പനിയാൽ ചെയ്യപ്പെട്ടിട്ടുള്ളടത്ത്, കമ്പനിക്ക് പുറമെ, കുററംചെയ്ത സമയത്ത്, കമ്പനിയുടെ ബിസിനസ്സിൻെറ നടത്തിപ്പിനുവേണ്ടി കമ്പനിയുടെ ചാർജ്ജുണ്ടായിരുന്നതും കമ്പനിയോട് ഉത്തരവാദിയായിരുന്നതുമായ ഏതൊരാളും, ആ കുററത്തിന് അപരാധിയാണെന്നു കരുതപ്പെടുന്നതും, അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനാകുന്നതും ആണ്:

എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും, അങ്ങനെയുള്ള ഏതെങ്കിലും ആളെ കുററം ചെയ്യപ്പെട്ടത് തന്റെ അറിവുകൂടാതെയാണെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള കുററം ചെയ്യപ്പെടുന്നതു തടയാൻ താൻ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുന്നുവെങ്കിൽ, ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്യുന്ന ഏതെങ്കിലും ശിക്ഷയ്ക്ക് അർഹനാകുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻകീഴിലെ ഒരു കുററം, ഒരു കമ്പനി ചെയ്തിരിക്കുകയും, ആ കുററം ആ കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടേയോ, മാനേജരുടേയോ, സെക്രട്ടറിയുടേയോ മററു ഉദ്യോഗസ്ഥന്റേയോ സമ്മതത്തോടോ മൗനാനുവാദത്തോടോ കൂടി ചെയ്തിട്ടുള്ളതാണെന്നോ, അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷമൂലമാണെന്ന് കല്പിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഡയറക്ടറോ, മാനേജരോ, സെക്രട്ടറിയോ, മററു ഉദ്യോഗസ്ഥനോകൂടി, ആ കുററത്തിന് അപരാധിയായി കരുതപ്പെടുന്നതും, അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനായിരിക്കുന്നതും ആണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്,—(ക) "കമ്പനി" എന്നാൽ, ഏതെങ്കിലും ഏകാംഗീകൃതനികായം എന്നർത്ഥമാകുന്നതും, അതിൽ ഒരു ഫേമോ വ്യക്തികളുടെ മററു സംഘടനയോ ഉൾപ്പെടുന്നതും; (ഖ) "ഡയറക്ടർ" എന്നാൽ ഒരു ഫേം സംബന്ധിച്ച് അതിലെ ഒരു പങ്കാളി എന്ന് അർത്ഥമാകുന്നതും, ആകുന്നു.

35. <u>സംരക്ഷണം.</u>—(1) ഈ ആക്റ്റിനോ അതിൻകീഴിലുണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടത്തിനോ ഉത്തരവിനോ കീഴിൽ, ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ എന്തെങ്കിലും സംബന്ധിച്ച് ഏതെങ്കിലും ആൾക്കെതിരായി, യാതൊരു വ്യവഹാരവും അല്ലെങ്കിൽ പ്രാസിക്യൂഷനും അല്ലെങ്കിൽ മററു നിയമനടപടികളും, നിലനില്ക്കുന്നതല്ല.

(2) ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടമോ ഉത്തരവോ അനുസരിച്ച് ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ, ചെയ്യാൻ ഉദ്ദേശിച്ചതോ ആയ എന്തിനാലെങ്കിലും ഉണ്ടായിട്ടുള്ളതോ ഉണ്ടാകാൻ ഇടയുള്ളതോ ആയ ഏതെങ്കിലും നഷ്ടത്തിന് ഗവൺമെന്റിനെതിരായി, യാതൊരു വ്യവഹാരവും അല്ലെങ്കിൽ നിയമനടപടികളും നിലനില്ക്കുന്നതല്ല.

36. <u>കുററങ്ങൾ നടപടിക്കെടുക്കൽ.</u>—(1) യാതൊരു കോടതിയും ഈ ആക്റ്റിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററം പറയപ്പെടുന്ന കുററം ചെയ്തത് ഇൻസ്പെക്റററുടെ അറിവിൽ വന്ന തീയതിയുടെ മൂന്നു മാസത്തിനുള്ളിൽ ചീഫ് ഇൻസ്പെക്റററോ, ഒരു ഇൻസ്പെക്റററോ അല്ലെങ്കിൽ അയാളുടെ ലിഖിതമായ മുൻ അനുമതിയോടുകൂടിയോ കൊടുക്കുന്ന ഒരു പരാതിയിൻമേലല്ലാതെ, നടപടിയെടുക്കാൻ പാടുള്ളതല്ല :

എന്നാൽ, കുററം ക്ഷമതയുള്ള അധികാരസ്ഥാനമോ ചീഫ് ഇൻസ്പെക്റററോ ഇൻസ്പെക്റററോ ചെയ്ത ലിഖിതമായ ഉത്തരവ് അനുസരിക്കാതിരിക്കൽ ആയിരിക്കുന്നിടത്ത്, അതിനെക്കുറിച്ചുള്ള പരാതി, കുററം ചെയ്തതായി പറയപ്പെടുന്ന തീയതിയുടെ ആറുമാസത്തിനുള്ളിൽ കൊടുക്കാവുന്നതാണ്.

(2) പ്രസിഡൻസി മജിസ്ട്രേററിന്റേയോ ഒന്നാംക്ലാസ് മജിസ്ട്രേററിന്റേയോ കോടതിക്ക് താഴെയുള്ള യാതൊരു കോടതിയും ഈ ആക്റ്റിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററം വിചാരണചെയ്യാൻ പാടുള്ളതല്ല.

37. വ്യാവസായികനിയോജനം (സ്ഥിരം ഉത്തരവുകൾ) ആക്റ്റ്, 1946-ന്റെയും പ്രസവകാലാനുകൂല്യ ആക്റ്റ്, 1961-ന്റെയും ബാധകത.—(1) വ്യവസായികനിയോജനം (സ്ഥിരം ഉത്തരവുകൾ) ആക്റ്റ്, 1946 (1946-ലെ 20)-ലെ വ്യവസ്ഥകൾ, അമ്പതോ അതിലധികമോ ആളുകളെ നിയോജിക്കുന്നതോ, അല്ലെങ്കിൽ കഴിഞ്ഞ പന്ത്രണ്ടുമാസത്തിൽ ഏതെങ്കിലും ഒരു ദിവസം നിയോജിച്ചിരുന്നതോ ആയ ഏതൊരു വ്യാവസായിക കെട്ടിടപരിസരത്തിനും, അതു് ആ ആക്റ്റിലെ 1-ാം വകുപ്പു (3)-ാം ഉപവകുപ്പിൻകീഴിലെ ഒരു വിജ്ഞാപനം വഴി ആ ആക്റ്റ് ബാധകമാക്കിയിട്ടുള്ള ഒരു വ്യാവസായിക സ്ഥാപനമായിരുന്നാലെന്നപോലെയും, ആ കെട്ടിടപരിസരത്തിലെ ജോലിക്കാരൻ ആ ആക്റ്റിന്റെ അർത്ഥത്തിൽ തൊഴിലാളിയായിരുന്നാലെന്നപോലെയും ബാധകമായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സ്റ്റേറ്റ് ഗവൺമെന്റിന്, വ്യാവസായികനിയോജനം (സ്ഥിരം ഉത്തരവുകൾ) ആക്റ്റ്, 1946 (1946-ലെ 20)-ലെ എല്ലാ വ്യവസ്ഥകളുമോ അവയിൽ ഏതെങ്കിലുമോ അൻപതിൽ കുറഞ്ഞത്ര ജോലിക്കാരെ നിയോജിക്കുന്നതോ കഴിഞ്ഞ പന്ത്രണ്ട് മാസത്തിൽ ഏതെങ്കിലും ഒരു ദിവസം നിയോജിച്ചിരുന്നതോ ആയ ഏതെങ്കിലും വ്യാവസായികകെട്ടിടപരിസരത്തിന്, അത്, ആ ആക്റ്റിലെ 1-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻകീഴിലെ ഒരു വിജ്ഞാപനം വഴി, ആ ആക്റ്റ് ബാധകമാക്കിയിട്ടുള്ള ഒരു വ്യാവസായികസ്ഥാപനം ആയിരുന്നാലെന്നപോലെയും, ആ കെട്ടിടപരിസരത്തിലെ ജോലിക്കാരൻ ആ ആക്റ്റിന്റെ അർത്ഥത്തിൽ തൊഴിലാളിയായിരുന്നാലെന്നപോലെയും, ബാധകമാക്കാനുള്ള സ്റ്റേറ്റ് ഗവൺമെന്റിന്റെ ഉദ്ദേശത്തെക്കുറിച്ച് രണ്ട് മാസത്തിൽ കുറയാത്ത നോട്ടീസ് നല്കിയതിനുശേഷം, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, അപ്രകാരം ബാധകമാക്കാവുന്നതാണ്.

(3) പ്രസവകാലാനുകൂല്യ ആക്റ്റ്, 1961(1961-ലെ53)-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ആ ആക്റ്റിലെ വ്യവസ്ഥകൾ, ഏതൊരു സ്ഥാപനത്തിനും, അത് ആ ആക്റ്റിലെ 2-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിലെ ഒരു വിജ്ഞാപനം വഴി, ആ ആക്റ്റ് ബാധകമാക്കിയിട്ടുള്ള ഒരു സ്ഥാപനമായിരുന്നാലെന്നപോലെ ബാധകമായിരുക്കുന്നതാണ്:

എന്നാൽ, ഒരു വീട്ടുതൊഴിലാളിക്ക് ബാധകമാകുന്നതിൽ മുൻപറഞ്ഞ ആക്റ്റ്, താഴെ പറയുന്ന രൂപഭേദങ്ങൾക്ക് വിധേയമായി, ബാധകമായിരിക്കുന്നതാണ്; അതായത് —

(ക) 5-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിന്റെ വിശദീകരണത്തിൽ "യോ പ്രതിദിനം ഒരു രൂപയോ, ഏതാണ് കൂടുതൽ അത്" എന്ന അക്ഷരവും വാക്കുകളും വിട്ടുകളയേണ്ടതാകുന്നു.

(ഖ) 8-ം, 10-ം വകുപ്പുകൾ വിട്ടുകളയേണ്ടതാകുന്നു.

38. ചില വ്യവസ്ഥകൾ വ്യാവസായിക കെട്ടിടപരിസരത്തിന് ബാധകമാകുന്നതല്ലെന്ന്.—(1) ഫാക്റ്ററി ആക്റ്റ്, 1948 (1948-ലെ 62)-ലെ IV-ാം അദ്ധ്യായവും 85-ാം വകുപ്പും, വ്യാവസായികകെട്ടിടപരിസരത്തിന് ബാധകമായിരിക്കുന്നതും, ആ ആക്റ്റിലെ ബാക്കിയുള്ള വ്യവസ്ഥകൾ, ഏതെങ്കിലും വ്യാവസായികകെട്ടിടപരിസരത്തിന് ബാധകമായിരിക്കുന്നതല്ലാത്തതും ആകുന്നു.

(2) കടകളിലേയോ വാണിജ്യസ്ഥാപനങ്ങളിലേയോ, തൊഴിലാളികളുടെ വേലയ്ക്കുള്ള നിബന്ധനകൾ ക്രമപ്പെടുത്തുന്നതു സംബന്ധിച്ച

ഏതെങ്കിലും നിയമത്തിൽ അടങ്ങിയ യാതൊന്നും ഈ ആക്ററ് ബാധകമാകുന്ന ഏതെങ്കിലും സ്ഥാപനത്തിന് ബാധകമായിരിക്കുന്നതല്ല.

39. വ്യാവസായികതർക്കങ്ങൾ ആക്ററ്, 1947 ബാധകമാക്കൽ.—(1) വ്യാവസായികതർക്കങ്ങൾ ആക്ററ്, 1947 (1947-ലെ 14)-ലെ വ്യവസ്ഥകൾ ഏതൊരു വ്യാവസായികകെട്ടിടപരിസരവും സംബന്ധിച്ച് ഉദ്ഭവിക്കുന്ന വിഷയങ്ങൾക്ക് ബാധകമായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,

(ക) നിയോജകൻ ജോലിക്കാർക്ക് അസംസ്കൃത പദാർത്ഥങ്ങൾ നല്കുന്നതും;

(ഖ) ജോലിക്കാരൻ ഉണ്ടാക്കിയ ബീഡിയോ ചുരുട്ടോ, അല്ലെങ്കിൽ രണ്ടുമോ നിയോജകൻ തിരസ്കരിക്കുന്നതും;

(ഗ) നിയോജകനാൽ തിരസ്കരിക്കപ്പെട്ട ബീഡിക്കോ ചുരുട്ടിനോ രണ്ടിനുമോ കൂലി കൊടുക്കുന്നതും,

സംബന്ധിച്ച് നിയോജകനും ജോലിക്കാരനും തമ്മിലുള്ള തർക്കം സ്റേറററ് ഗവൺമെൻററ് ചട്ടങ്ങൾ വഴി ഇതിലേക്ക് വിനിർദ്ദേശിക്കുന്ന അധികാരസ്ഥാപനത്താലും അപ്രകാരം വിനിർദ്ദേശിക്കുന്ന സമറി രീതിയിലും തീർപ്പാക്കേണ്ടതാകുന്നു.

(3) (2)-ാം ഉപവകുപ്പിൻകീഴിൽ വിനിർദ്ദേശിക്കപ്പെടുന്ന അധികാരസ്ഥാനം ചെയ്യുന്ന തീർപ്പിനാൽ സങ്കടക്കാരനായ ഏതെങ്കിലും ആൾക്ക് സ്റേറററ് ഗവൺമെൻററ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി ഇതിലേക്ക് വിനിർദ്ദേശിക്കുന്ന അധികാരസ്ഥാനത്തേക്കും സമയത്തിനുള്ളിലും അപ്പീൽ കൊടുക്കാവുന്നതാണ്.

(4) (3)-ാം ഉപവകുപ്പിൻകീഴിൽ വിനിർദ്ദേശിക്കപ്പെടുന്ന അധികാരസ്ഥാനത്തിൻെറ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

40. ഈ ആക്ററിനോട് അസംഗതമായ നിയമങ്ങളുടേയും കരാറുകളുടേയും പ്രഭാവം.—(1) ഈ ആക്ററിലെ വ്യവസ്ഥകൾക്ക്, അസംഗതമായി തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിലോ ഏതെങ്കിലും അവാർഡിൻേറയോ, കരാറിൻേറയോ, സേവന കാൺട്രാക്ററിൻേറയോ നിബന്ധനകളിലേയോ, അവ ഈ ആക്ററിൻെറ പ്രാരംഭത്തിനു മുമ്പോ പിമ്പോ ഉണ്ടാക്കിയതായാലും, എന്തുതന്നെ അടങ്ങിയിരുന്നാലും, ആ വ്യവസ്ഥകൾ പ്രഭാവമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, ഒരു ജോലിക്കാരന്, അങ്ങനെയുള്ള ഏതെങ്കിലും അവാർഡിനോ കരാറിനോ സേവന കാൺട്രാക്ററിനോ കീഴിലോ മററുവിധത്തിലോ ഏതെങ്കിലും വിഷയംസംബന്ധിച്ച്, അയാൾക്ക് ഈ ആക്ററിൻകീഴിൽ അവകാശമുള്ള ഗുണങ്ങളിലും കൂടുതൽ അനുകൂലമായ ഗുണങ്ങൾക്ക് അവകാശമുള്ളിടത്ത്, ആ വിഷയംസംബന്ധിച്ച് അയാൾക്ക് ആ കൂടുതൽ അനുകൂലമായ ഗുണങ്ങൾക്ക് ഈ ആക്ററിൻകീഴിൽ അയാൾക്ക് മററു വിഷയങ്ങൾ സംബന്ധിച്ച് ഗുണങ്ങൾ കിട്ടുന്നുണ്ടെന്നിരുന്നാലും, തുടർന്ന് അവകാശമുണ്ടായിരിക്കുന്നതാണ്.

(2) ഈ ആക്ററിൽ അടങ്ങിയ യാതൊന്നിനും, ഏതെങ്കിലും ജോലിക്കാരനെ ഏതെങ്കിലും വിഷയം സംബന്ധിച്ച് ഈ ആക്ററിൻ കീഴിൽ അയാൾക്ക് അവകാശമുള്ളവയെക്കാൾ കൂടുതൽ അനുകൂലമായ അവകാശങ്ങളോ വിശേഷാ

വകാശങ്ങളോ നല്കുന്നതിനുവേണ്ടി നിയോജകനുമായി ഒരു കരാറിൽ ഏർപ്പെടുന്നതിനെ തടയുന്നതായി അർത്ഥം കല്പിക്കാൻ പാടുള്ളതല്ല.

41. ഒഴിവാക്കാനുള്ള അധികാരം.—സ്റ്റേററ് ഗവൺമെൻറിന്, അത് ചുമത്തുന്ന ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി, ഏതെങ്കിലും തരം വ്യാവസായികകെട്ടിടപരിസരത്തേയോ, ഏതെങ്കിലും തരം നിയോജകരേയോ, ജോലിക്കാരേയോ ഈ ആക്ററിലേയോ അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടങ്ങളിലേയോ എല്ലാ വ്യവസ്ഥകളിൽനിന്നുമോ, അവയിൽ ഏതിലെങ്കിലും നിന്നുമോ, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ഒഴിവാക്കാവുന്നതാണ്:

എന്നാൽ ഈ വകുപ്പിലെ യാതൊന്നിനും, ഏതെങ്കിലും സ്ത്രീ ജോലിക്കാരിയെ സംബന്ധിച്ച്, കൂലിയോടുകൂടിയ വാർഷികാവധിയും, പ്രസവകാലാനുകൂല്യങ്ങളും, ശിശുശാലകളും കൂലിയും, ബീഡിയോ ചുരുട്ടോ തിരസ്ക്കരിക്കുന്നതും രാത്രിയിലെ പ്രവൃത്തിയും സംബന്ധിച്ചുള്ള ഈ ആക്ററിലേയോ അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടങ്ങളിലേയോ വ്യവസ്ഥകളിൽ ഏതിലെങ്കിലും നിന്നുള്ള ഏതെങ്കിലും ഒഴിവാക്കൽ നല്കാൻ സ്റ്റേററ് ഗവൺമെൻറിനെ അധികാരപ്പെടുത്തുന്നതായി അർത്ഥം കല്പിക്കാൻ പാടുള്ളതല്ല.

42. നിദേശങ്ങൾ നല്കാൻ കേന്ദ്ര ഗവൺമെൻറിനുള്ള അധികാരങ്ങൾ.—കേന്ദ്രഗവൺമെൻറിന്, ഈ ആക്ററിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് സ്റ്റേററ് ഗവൺമെൻറിന് നിദേശങ്ങൾ നല്കാവുന്നതാണ്.

43. സ്വകാര്യ വാസഗൃഹങ്ങളിൽ സ്വയം നിയോജിതരായ ആളുകൾക്ക് ആക്ററ് ബാധകമാകുന്നതല്ലെന്ന്.—ഈ ആക്ററിൽ അടങ്ങിയ യാതൊന്നും, ഒരു സ്വകാര്യവാസഗൃഹത്തിൽ, തന്നോടൊപ്പം അതിൽ താമസിക്കുന്നവരും തന്നെ ആശ്രയിക്കുന്നവരുമായ തൻെറ കുടുംബാംഗങ്ങളുടെ സഹായത്തോടുകൂടി ഏതെങ്കിലും നിർമ്മാണപ്രക്രിയ നടത്തിക്കൊണ്ടുപോകുന്ന അങ്ങനെയുള്ള വാസഗൃഹത്തിൻെറ ഉടമസ്ഥനോ കൈവശക്കാരനോ ബാധകമാകുന്നതല്ല:

എന്നാൽ അതിന്, അങ്ങനെയുള്ള സ്വകാര്യവാസഗൃഹത്തിൻെറ ഉടമസ്ഥനോ കൈവശക്കാരനോ, ഈ ആക്ററ് ബാധകമാകുന്ന ഒരു നിയോജകൻെറ ജോലിക്കാരനായിരിക്കരുത്.

വിശദീകരണം.—ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക്, "കുടുംബം" എന്നാൽ, ഉടമസ്ഥനോ കൈവശക്കാരനോ ആയ ആളുടെ ഭാര്യയും അല്ലെങ്കിൽ ഭർത്താവും കുട്ടികളും എന്നർത്ഥമാകുന്നു.

44. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) സ്റ്റേററ് ഗവൺമെൻറിന്, ഈ ആക്ററിലെ ആവശ്യങ്ങൾ നടപ്പാക്കുന്നതിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിൻെറ സാമാന്യതയ്ക്കു ഭംഗം വരാതേയും, അങ്ങനെയുള്ള ചട്ടങ്ങൾക്ക്, താഴെ പറയുന്ന എല്ലാ വിഷയങ്ങൾക്കുമോ അവയിൽ ഏതിനെങ്കിലുമോ വ്യവസ്ഥചെയ്യാവുന്നതാണ്, അതായത്.—

(ക) ഏതു നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായാണോ ഈ ആക്ററിൻകീഴിൽ ലൈസൻസ് നല്കുകയോ പുതുക്കുകയോ ചെയ്യാവുന്നത്, ആ നിബന്ധനകളും ഉപാധികളും അങ്ങനെയുള്ളലൈസൻസ് സംബന്ധിച്ച് കൊടുക്കേണ്ട ഫീസും ;

(ഖ) ഈ ആക്ററിൻകീഴിലെ ഒരു ലൈസൻസിനുള്ള അപേക്ഷയുടെ ഫാറവും അങ്ങനെയുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളും പ്ലാനുകളും ;

(ഗ) ലൈസൻസ് നല്കുകയോ നിരസിക്കുകയോ ചെയ്യുന്നതിന്, ക്ഷമതയുള്ള അധികാരസ്ഥാനം, പരിഗണനയിൽ എടുക്കേണ്ട മററു വിഷയങ്ങൾ ;

(ഘ) ഒരു ലൈസൻസ് നല്കുകയോ നല്കാൻ വിസമ്മതിക്കുകയോ ചെയ്യുന്ന ഏതെങ്കിലും ഉത്തരവിനെതിരായി ഏതു സമയത്തിനുള്ളിലും എത്ര ഫീസ് കൊടുക്കുന്നതിന്മേലും ഏത് അധികാരസ്ഥാനത്തേക്കും അപ്പീൽ കൊടുക്കാമോ ആ സമയവും ഫീസും അധികാരസ്ഥാനവും ;

(ങ) കേന്ദ്ര എക്സൈസ് വകുപ്പ് വിട്ടുകൊടുത്ത പുകയിലയുടെ അളവ് താൻ നിർമ്മിച്ച ബീഡിയുടേയോ ചുരുട്ടിന്റേയോ രണ്ടിന്റേയുമോ എണ്ണവും, വിനിർദ്ദേശിച്ചുകൊണ്ട് നിയോജകൻ ക്ഷമതയുള്ള അധികാരസ്ഥാനത്തിന് പ്രതിമാസം റിട്ടേൺ സമർപ്പിക്കുന്നത് ;

(ച) ഈ ആക്ററിൻകീഴിൽ ഇൻസ്പെക്ററർമാർക്ക് നല്കാവുന്ന അധികാരങ്ങൾ ;

(ഛ) ഈ ആക്ററിൻകീഴിൽ പാലിക്കാൻ ആവശ്യപ്പെടുന്ന ശുചിത്വത്തിന്റെ മാനകങ്ങൾ ;

(ജ) ഈ ആക്ററിൻകീഴിൽ പാലിക്കാൻ ആവശ്യപ്പെടുന്ന വെളിച്ചത്തിന്റേയും, വായുസഞ്ചാരത്തിന്റേയും താപനിലയുടേയും മാനകങ്ങൾ ;

(ഝ) ഈ ആക്ററിൻകീഴിൽ ഏർപ്പെടുത്താൻ ആവശ്യപ്പെടുന്ന മൂത്രപ്പുരകളുടേയും കക്കൂസുകളുടേയും മാതൃകകൾ ;

(ഞ) ഈ ആക്ററിൻകീഴിൽ ഏർപ്പെടുത്തേണ്ട കഴുകൽ സൗകര്യങ്ങൾ;

(ട) കാൻറീനുകൾ ;

(ഠ) പ്രവൃത്തിക്കാലയളവുകൾ സംബന്ധിച്ച നോട്ടീസിന്റെ ഫാറവും രീതിയും ;

(ഡ) ഒരു സ്ഥാപനത്തിന്റെ വെളിയിൽ വച്ചു ചെയ്യുന്ന പ്രവൃത്തിയുടെ റിക്കാർഡുകൾ വച്ചുപോരേണ്ട ഫാറം ;

(ഢ) ഡിസ്മിസ്സ് ചെയ്യപ്പെടുകയോ, ഡിസ്ചാർജ്ജ് ചെയ്യപ്പെടുകയോ റിട്രെഞ്ച് ചെയ്യപ്പെടുകയോ ചെയ്ത ഒരു ജോലിക്കാരന് ഏതു അധികാരസ്ഥാനത്തേയ്ക്കും ഏതു സമയത്തിനുള്ളിലും അപ്പീൽ കൊടുക്കാമോ ആ അധികാരസ്ഥാനവും സമയവും ;

(ണ) ഭക്ഷ്യധാന്യങ്ങളും മററു സാധനങ്ങളും ഒരു ജോലിക്കാരന്, സൗജന്യനിരക്കിൽ, വില്ക്കുന്നതിലൂടെ സിദ്ധിക്കുന്ന ആനുകൂല്യത്തിന് സമാനമായ പണം കണക്കുകൂട്ടേണ്ട രീതി ;

(ത) ഈ ആക്ററിലേയും അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലേയും വ്യവസ്ഥകൾ അനുസരിക്കുന്നത് ഉറപ്പുവരുത്തുന്നതിനുവേണ്ടി ഒരു സ്ഥാപനത്തിൽവച്ചുപോരേണ്ട റിക്കാർഡുകളും രജിസ്ററുകളും ;

(ഥ) പ്രഥമശുശ്രൂഷയ്ക്കുള്ള പെട്ടികളോ കബോർഡുകളോ നിലനിറുത്തുന്നതും അവയുടെ ഉള്ളടക്കങ്ങളും, ആരുടെ ചാർജ്ജിലാണോ അങ്ങനെയുള്ള പെട്ടികൾ വയ്ക്കേണ്ടത്, ആ ആളുകളും ;

(ദ) ബീഡിയുടേയോ ചുരുട്ടിന്റേയോ രണ്ടിന്റേയുമോ തരംതിരിക്കലോ തിരസ്ക്കരിക്കലോ തിരസ്ക്കരിക്കപ്പെട്ട ബീഡിയുടേയോ ചുരുട്ടിന്റേയോ രണ്ടിന്റേയുമോ കൈയൊഴിക്കലോ നടത്തേണ്ടതു ഏതു രീതിയിലാണോ, ആ രീതി ;

(ധ) ജോലിക്കാരൻ നിർമ്മിക്കുന്ന ബീഡിയുടേയോ ചുരുട്ടിന്റേയോ രണ്ടിന്റേയുമോ പരമാവധി തിരസ്ക്കാര ശതമാനത്തിന്റെ പരിധി നിജപ്പെടുത്തുന്നത് ;

(ന) ബീഡിയുടേയോ ചുരുട്ടിന്റേയോ രണ്ടിന്റേയുമോ വീട്ടിൽ വച്ചുള്ള നിർമ്മാണത്തിനായി അസംസ്കൃതപദാർത്ഥങ്ങൾ നേരിട്ടോ ഏജൻറിലൂടെയോ സ്വീകരിക്കുന്ന ആളുകൾക്ക് കൂലികൊടുക്കേണ്ടത് ഏതു സ്ഥലത്തു വച്ചാണോ, ആ സ്ഥലം വ നിർദ്ദേശിക്കുന്നത് ;

(പ) ജോലിക്കാർക്ക് ബീഡിയുടേയും പുകയിലയുടേയും ഇലകൾ ഉൾപ്പെടെ അസംസ്കൃതപദാർത്ഥങ്ങൾ വിതരണം ചെയ്യുന്നതിന് മേലുള്ള ഇൻസ്പെക്ടർമാരാലുള്ള മേൽനോട്ടം ;

(ഫ) തൊഴിലാളികളുടെ രക്ഷയ്ക്ക് തീപിടുത്തത്തിനെതിരായി എടുക്കേണ്ട മുൻകരുതലുകൾ ;

(ബ) അസംസ്കൃതപദാർത്ഥങ്ങൾ നല്കുന്നത് സംബന്ധിച്ച ഒരു തർക്കം തീർപ്പാക്കേണ്ട അധികാരസ്ഥാനവും, രീതിയും, ആദ്യം പറഞ്ഞ അധികാരസ്ഥാനം ചെയ്യുന്ന തീർപ്പിൽനിന്ന് ഏതു അധികാരസ്ഥനത്തേക്കാണോ അപ്പീൽ ഉണ്ടായിരിക്കുന്നത്, ആ അധികാരസ്ഥാനവും ;

(ഭ) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ ഏതെങ്കിലും വിഷയം ;

(3) ഈ ആക്ററിൻകീഴിൽ ഉണ്ടാക്കുന്ന എല്ലാ ചട്ടങ്ങളും ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, മുൻകൂട്ടി പ്രസിദ്ധപ്പെടുത്തണമെന്ന ഉപാധിക്കുവിധേയമായിരിക്കുന്നതും ; സാമാന്യ ഖണ്ഡങ്ങൾ ആക്ററ്, 1897 (1897-ലെ 10 ), 23-ാം വകുപ്പ് (3)-ാം ഖണ്ഡത്തിൻകീഴിൽ വിനിർദ്ദേശിക്കേണ്ട തീയതികൾ, നിർദ്ദേശിക്കപ്പെട്ട ചട്ടങ്ങളുടെ കരടു പ്രസിദ്ധപ്പെടുത്തിയ തീയതിക്ക്, കുറഞ്ഞത് മൂന്നുമാസത്തിനപ്പുറമായിരിക്കേണ്ടതും ആകുന്നു.

(4) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനുശേഷം ആകുന്നത്രവേഗത്തിൽ, സ്റേറററ് നിയമനിർമ്മാണമണ്ഡലം സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ, അതു രണ്ടു സഭകളടങ്ങിയതായിരിക്കുന്നിടത്ത് അതിന്റെ ഓരോ സഭയുടേയും മുമ്പാകെയോ, അങ്ങനെയുള്ള നിയമനിർമ്മാണമണ്ഡലം ഒരു സഭയടങ്ങിയതായിരിക്കുന്നിടത്ത് ആ സഭയുടെ മുൻപാകെയോ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതുദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, ഏതു സമ്മേളനത്തിലാണോ അപ്രകാരം വച്ചിട്ടുള്ളത്, ആ സമ്മേളനമോ അതിനു തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്. നിയമനിർമ്മാണമണ്ഡലം ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ നിയമനിർമ്മാണമണ്ഡലം ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന്, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവമുണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു ; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പുചെയ്യപ്പെട്ടിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്കു ഭംഗം വരാത്തവിധത്തിൽ ആയിരിക്കുന്നതാണ്